MY LORD, MY GOD
# Bulletin
DIOCESE OF IRINJALAKUDA

APRIL 2013

Book : 34 Volume : 4

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

1. ഇടയശബ്ദം ..... 02
2. കച്ചേരികാര്യങ്ങൾ ..... 04
3 ഇടയലേഖനം : ലോകദൈവവിളിപ്രാർത്ഥനാദിനം .... 08
4 ഇടയലേഖനം : ലഹരിവിമുക്തവർഷം ..... 14
5 സർക്കുലർ ..... 20
6 വിജ്ഞാപനം ..... 22
7 50-ാം ലോകദൈവവിളി ദിനം ..... 26
8 സർക്കുലർ ..... 32
9 മെയ്ദിന സന്ദേശം ..... 36
10 സഭാവാർത്തകൾ ..... 43
11 ബ്ലസ് എ ഹോം ..... 45
12 പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ..... 50
13 മതബോധനം ..... 54
നവചൈതന്യ ..... 55
സോഷ്യൽ ആക്ഷൻ ..... 56
അവാർഡ് ..... 57
സാൻജോസദൻ ..... 58
ബി.എൽ.എം. ..... 59
കരിസ്മാറ്റിക് മൂവ്മെന്റ് ..... 59
സെന്റ് പോൾസ് മൈനർ സെമിനാരി ..... 60
സ്പിരിച്ചാലിറ്റി സെന്റർ ..... 61
വൊക്കേഷൻ ബ്യൂറോ ..... 62
കെ.എൽ.എം. ..... 63
14 ഇടയന്റെ നാളെകൾ ..... 64
15 ഇടയന്റെ ഇന്നലെകൾ ..... 65

# ഇടയശബ്ദം



## ഫ്രാൻസീസ് മാർപാപ്പയ്ക്ക് പ്രാർത്ഥനാശംസകൾ

*ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പിതരെ, മിശിഹായിൽ വാത്സല്യമുള്ള സഹോദരീസഹോദരൻമാരെ,*

"എല്ലാ സഭകൾക്കും ഉപവിയിൽ നേതൃത്വം നല്കുന്ന റോമാസഭയുടെ ഈ യാത്ര പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സാഹോദര്യത്തിന്റെ യാത്രയാണ്. സാഹോദര്യത്തിന്റെ ഈ യാത്ര നമുക്കൊരുമിച്ചു തുടങ്ങാം" ഫ്രാൻസീസ് പാപ്പയുടെ ആദ്യത്തെ പ്രസംഗത്തിലെ വരികളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്.

അസീസ്സിയുടെ വഴിയേ ചരിക്കുവാനുള്ള നിയോഗം ഉൾക്കൊണ്ടു 266-ാം മത്തെ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ഫ്രാൻസീസ് മാർപാപ്പ നമ്മുടെ പ്രാർത്ഥനകൾക്കു ഉത്തരമായി ദൈവം നല്കിയ അനുഗ്രഹമാണ്. അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ ആർച്ചുബിഷപ്പ് ആയിരുന്ന കർദ്ദിനാൾ ജോർജ്ജ് മാരിയോ ബർഗോളിയോ സഭയിൽ ഒരു നവയുഗപ്പിറവിക്ക് കാഹളമൊരുക്കി. വിനയദാസന്റെ കിരീടവും സത്യപ്രവാചകന്റെ ചെങ്കോലും മാനവധാർമ്മികതയുടെ മേലങ്കിയുമണിഞ്ഞ് വലിയ മുക്കുവനായി സ്ഥാനമേറ്റെടുത്തിരിക്കുകയാണ് അദ്ദേഹം. ഫ്രാൻസീസ് മാർപാപ്പയ്ക്ക് നമ്മുടെ പ്രാർത്ഥനാശംസകൾ നേരുന്നു. പുതിയ പാപ്പയോടുള്ള വിധേയത്വവും കടപ്പാടും പ്രകടമാക്കുന്നതോടൊപ്പം ആഗോളസഭയ്ക്ക് ചൈതന്യം നല്കി നയിക്കുവാനും മനുഷ്യകുലത്തെ നന്മയിൽ നിലനിർത്തുവാനും പാപ്പയ്ക്ക് ദൈവം കരുത്ത് നല്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

"എന്റെ സഹോദരാ, നമുക്ക് റോമിൽ പോയി വലിയ നിധിയായ വിശുദ്ധ ദാരിദ്ര്യത്തെ സംരക്ഷിക്കുന്നതിന് നമ്മെ പഠിപ്പിക്കുന്നതിനും വി. പത്രോസിനോടും വി. പൗലോസിനോടും പ്രാർത്ഥിക്കാം".

ഫ്രാൻസീസ് അസ്സീസിയുടെ വാക്കുകൾ. വി. പത്രോസിന്റെ 266-ാം ത്തെ പിൻഗാമിയായി റോമിൽ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട കർദ്ദിനാൾ ജോർജ്ജ് മരിയോ ബെർഗോളിയോയുടെ ജീവിത വീക്ഷണത്തിലും ഈ ഫ്രാൻസിസ്കൻ ആത്മീയത പ്രകടമാണ്.

ഈശോസഭ വൈദികനായ അദ്ദേഹം വി. ഫ്രാൻസീസിന്റെ നാമധേയം തിരഞ്ഞെടുത്തപ്പോൾ തന്നെ ദ്വിതീയ ക്രിസ്തുവായ അസ്സീസിയുടെ ദാരിദ്ര്യമനോഭാവം ജീവിതസാക്ഷ്യമാക്കുകയായിരുന്നു. ലാറ്റിനമേരിക്കൻ ജനതയുടെ ജീവിതവഴികളിൽ നവോത്ഥാനത്തിന്റെയും വിശ്വാസ പരിപോഷണത്തിന്റെയും ചാലകശക്തിയായി വർത്തിച്ച കർദ്ദിനാൾ ജീവിതമാതൃകയിൽ അനന്യമായ ക്രിസ്തു പ്രതീകമായിരുന്നു. ചെറിയ വീടിലെ വാസവും പൊതുഗതാഗത വാഹന സംവിധാനങ്ങളുടെ ഉപയോഗവും വിനയത്തിന്റെയും ലാളിത്യത്തിന്റെയും പ്രത്യക്ഷസാക്ഷ്യങ്ങളായിരുന്നു.

പ്രഖ്യാപന സമയത്ത് ശിരസ്സുകുനിച്ചു ലോകത്തോടു മുഴുവൻ ആശീർവ്വാദം തേടിയപ്പോഴും "നന്ദി ഇനി നമുക്കോരുമിച്ച്" എന്ന അഭിസംബോധന നടത്തിയപ്പോഴും അപൂർവ്വമായൊരു കാൽവയ്പിന്റെ നാന്ദിക്കുറിക്കൽ ദൃശ്യമാണ്. പ്രശ്ന കലുഷിതമായ ലോകത്ത്, പ്രതിസന്ധികൾ സ്വാഭാവികമായ, സഭയിൽ പ്രത്യാശയുടെയും പ്രതീക്ഷയുടെയും ഒരു വസന്തത്തിനു നലമൊരുക്കാൻ ക്രാന്തദർശിയായ ഒരു ഇടയനെ ലഭിച്ചതിൽ നമുക്കഭിമാനിക്കാം.

പ്രാർത്ഥനാജീവിതത്തിലുള്ള കരുത്തും, വിശ്വാസസത്യങ്ങളോടുള്ള കറപുരളാത്ത വിധേയത്വവും, സഭാപാരമ്പര്യങ്ങളോടും പ്രബോധനങ്ങളോടുമുള്ള വിശ്വാസ്യതയും ആധുനിക ലോകമുയർത്തുന്ന വെല്ലുവിളികളെ സധീരം നേരിടുന്നതിനും പ്രകാശപൂർണ്ണമായ ഒരു നല്ല നാളെയിലേക്ക് ലോകത്തെ നയിക്കുന്നതിനും പാപ്പയെ സഹായിക്കുമെന്ന് പ്രത്യാശിക്കാം.

വിധേയത്വത്തോടെ, ബഹുമാനത്തോടെ, അഭിമാനത്തോടെ "വിവ ഇൽ പാപ്പ"

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്
ഈസ്റ്റർ ആശംസകളോടെ പ്രാർത്ഥനയോടെ

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

ഇരിങ്ങാലക്കുട
23. 03. 2013



# കച്ചേരി കാര്യങ്ങൾ

1. **<u>Appointments& Relieving Orders</u>**

   **Rev. Fr. Anish Pellissery -** Appointed Asst. Archivist of the Curia of the Eparchy of Irinjalakuda w.e.f. 26. 02. 2013.

   **Rev. Fr. Seby Kolangara -** Appointed Asso. Director of Sahrdaya-Tech and Member of the Irinjalakuda Diocesan Educational Trust w.e.f. 07. 3. 2013.

   **Rev. Fr. Nixon Chakorya -** Relieved from the office of Asso. Director, Navachaithanya w.e.f. 26. 02. 2013

2 **മാസധ്യാനം :** ബഹു. അച്ചന്മാരുടെ മാസധ്യാനം ഫൊറോന പള്ളികളുടെ നേതൃത്വത്തിലായിരിക്കും.

3 **ചെന്നൈ മിഷൻ സൺഡേ – പുതുഞ്ഞായറാഴ്ച ഏപ്രിൽ 7**

ചെന്നൈ മിഷൻ സൺഡേയായ പുതുഞ്ഞായറാഴ്ച ചെന്നൈ മിഷനെക്കുറിച്ച് വിശ്വാസികൾക്ക് വിശദീകരിച്ചു കൊടുക്കണം. അന്നേദിവസം മിഷനെ സഹായിക്കാനായി സ്തോത്രകാഴ്ച എടുക്കുകയും പ്രസ്തുത സംഖ്യ മെയ് 15ന് മുമ്പ് രൂപതാഭവനത്തിൽ ഏല്പിക്കുകയും വേണം.

4 **ഏപ്രിൽ 18 :** മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക സ്ഥാനാരോഹണ 3-ാം വാർഷിക സുദിനം. പിതാവിനു വേണ്ടി പ്രാർത്ഥിക്കാം. ആശംസകൾ നേരാം.

5 **ലോകദൈവവിളി ദിനം :** ഏപ്രിൽ 21-ന് ലോകദൈവവിളിദിനം പ്രമാണിച്ച് അന്ന് പള്ളികളിലും സ്ഥാപനങ്ങളിലും വൈദികപരിശീലനച്ചെലവിലേക്ക് പ്രത്യേക പിരിവെടുത്ത് മെയ് 31-നകം രൂപതാകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

6 **തൊഴിലാളി ദിനം-മെയ് 1 :** തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിനും തൊഴിലാളി-തൊഴിലുടമബന്ധങ്ങളിൽ സ്നേഹവും സമാധാനവും വളർത്തി നാടിന്റെ

സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുവാനുമുള്ള ഉത്തരവാദിത്വത്തെ ക്കുറിച്ച് ബോദ്ധ്യം ഉൾക്കൊള്ളുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്താം. ഇടവകകളിൽ തൊഴിലാളിദിന ആഘോ ഷങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. മെയ് 5-ന് ഞായറാഴ്ച വി. കുർബാനമധ്യേ ഈ നിയോഗാർത്ഥം സ്തോത്ര കാഴ്ച എടുത്ത് മെയ് 30-ന് മുൻപ് രൂപതാഭവനത്തിൽ ഏൽപ്പിക്കേണ്ടതാണ്. രൂപതാതല മെയ്ദിനാഘോഷം മെയ് 1-ന് നടക്കുന്നതാണ്.

7 **വൈദികരുടെ വാർഷികധ്യാനം :** ബഹു. അച്ചന്മാരുടെ വാർഷികധ്യാനം കല്ലേറ്റുംകര PACS-ൽ രണ്ട് ബാച്ചുകളിലായി നടത്തപ്പെടുന്നു. ഒന്നാം ബാച്ച് ധ്യാനം 2013 ജൂൺ 17 മുതൽ 21 വരെയും രണ്ടാം ബാച്ച് ജൂൺ 24 മുതൽ 28 വരെയും തിയ്യതി കളിലായിരിക്കും. ബഹു. അച്ചന്മാരുടെ പേരുകൾ ബാച്ച് തിരിച്ച് പേജ് നമ്പർ 47, 48, 49-ൽ നൽകിയിട്ടുണ്ട്. തക്കകാരണത്താൽ ബാച്ച് മാറാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം നേരത്തെ തന്നെ രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**ധ്യാനഗുരു : റവ. ഡോ. അഗസ്റ്റിൻ വല്ലൂരാൻ VC**

ഡിവൈൻ ധ്യാനകേന്ദ്രം, മുരിങ്ങൂർ

8 **വൊക്കേഷൻ ബ്യൂറോ :** രൂപതയ്ക്കകത്തും പുറത്തും ഉള്ള സന്യാസിനീസന്യാസസമൂഹങ്ങളിൽ അർത്ഥിനികൾ ആയി ചേരുന്നവരും മറ്റു രൂപതാസെമിനാരികളിൽ ചേരുന്നവരും ജനനതിയ്യതി, മാമ്മോദീസ തിയ്യതി, സ്ഥൈര്യലേപന തിയ്യതി എന്നിവയുടെ സർട്ടിഫിക്കറ്റും വികാരിയച്ചനിൽനിന്നുള്ള സ്വഭാവസർട്ടിഫിക്കറ്റും രൂപതാകച്ചേരിയിൽ നൽകി പേര് രജിസ്റ്റർ ചെയ്തശേഷം സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

9 **യുവജനവർഷം**

കഴിഞ്ഞ ഒരു വർഷത്തെ യുവജനവർഷാചരണ പരിപാടി കളുടെ വിജയത്തിനായി സഹകരിക്കുകയും ത്യാഗം കാഴ്ചവ യ്ക്കുകയും ചെയ്ത ബഹു. അച്ചന്മാർ, ബഹു. സമർപ്പിതർ, രൂപത - ഫൊറോന - ഇടവക തലത്തിലുള്ള വിവിധ കമ്മ റ്റികൾ, യുവജനസംഘടന രൂപത -ഫൊറോന - ഇടവക ഭാര വാഹികൾ എന്നിവർക്കെല്ലാം രൂപതയുടെ പേരിലുള്ള നന്ദി അറിയിക്കട്ടെ. ഈ വർഷത്തിന്റെ ചൈതന്യം കൂടുതൽ ഉജ്ജ്വല മാക്കിക്കൊണ്ട് വരുംകാലങ്ങളിൽ യുവജനങ്ങൾക്കു വേണ്ടി യുള്ള പ്രവർത്തനങ്ങൾ നമുക്ക് കൂടുതൽ സജീവമാക്കാം.

**10 പ്രതിനിധിയോഗ രൂപീകരണം**

നിലവിലുള്ള പ്രതിനിധിയോഗത്തിന്റെ കാലാവധി 2013 ജൂലൈ 3-ാം തിയ്യതിയോടെ അവസാനിക്കുകയാണല്ലോ. സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോഗ നടപടിക്രമങ്ങളും രൂപതാ നിയമാവലിയിലെ നിർദ്ദേശങ്ങളും കണക്കിലെടുത്ത് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തി രൂപതാ കച്ചേരിയിൽനിന്നും അംഗീകാരം വാങ്ങേണ്ടതാണ്. പുതിയ പ്രതിനിധിയോഗം 2013 ജൂലൈ 3-ാം തിയ്യതി പ്രാബല്യത്തിൽ വരുന്നതാണ്.

**സ്വീകരിക്കേണ്ട നടപടികൾ താഴെ ചേർക്കുന്നു.**

1. 100ൽ താഴെ വീടുകൾ ഉള്ള ഇടവകകളിൽ പൊതുയോഗം മാത്രം മതിയായിരിക്കും.
2. 101നും 500നും ഇടയ്ക്ക് വീടുകളുള്ള ഇടവകകളിൽ പൊതുയോഗവും പ്രതിനിധിയോഗവും ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒന്നുമാത്രം മതിയെന്നുണ്ടെങ്കിൽ രൂപതാ കാര്യാലയത്തിൽനിന്ന് അനുവാദം വാങ്ങിയിരിക്കണം.
3 501നു മുകളിൽ വീടുകൾ ഉള്ള ഇടവകകളിൽ പ്രതിനിധിയോഗം മാത്രം മതിയാകും. പൊതുയോഗം കൂടി വേണമെങ്കിൽ രൂപതാ കച്ചേരിയിൽനിന്നും അനുവാദം വാങ്ങിയിരിക്കണം.
4. പ്രതിനിധിയോഗ രൂപീകരണത്തിനുള്ള നടപടികൾ പൂർത്തിയായാൽ പ്രസ്തുത അംഗങ്ങളുടെ പേരുകൾ സെക്ഷൻ തിരിച്ച് (എക്സ് ഒഫീചിയോ, തിരഞ്ഞെടുക്കപ്പെട്ടവർ, നോമിനേറ്റ് ചെയ്യപ്പെട്ടവർ) എഴുതി പകർപ്പു സഹിതം രൂപതാ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
5. പ്രതിനിധിയോഗം മാത്രം ഉള്ള ഇടവകകളിൽ നിയമാവലി അനുസരിച്ച് വർഷത്തിലൊരിക്കലെങ്കിലും പൊതുയോഗം കൂടി വസ്തുതകൾ വിലയിരുത്തണം.
6. നിലവിൽ വരുന്ന പ്രതിനിധിയോഗമാണ് കൈക്കാരന്മാരെ തെരഞ്ഞെടുക്കേണ്ടത്. പുതിയ പ്രതിനിധിയോഗം സ്ഥാനമേൽക്കുന്നത് 2013 ജൂലൈ 3ന് ആണെങ്കിലും രൂപതാകച്ചേരിയിൽനിന്നും പ്രതിനിധി യോഗത്തെ അംഗീകരിച്ചുകഴിഞ്ഞാൽ പ്രസ്തുതയോഗം കൈക്കാരന്മാരെ തെരഞ്ഞെടുക്കുവാൻ ജൂലൈ 3ന് മുൻപ് കൂടാവുന്നതാണ്. പ്രതിനിധിയോഗത്തിൽ അംഗങ്ങളല്ലാത്തവരെയും കൈക്കാരന്മാരായി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത് രൂപതാകാര്യാലയത്തിൽനിന്ന് നിയമനം

ലഭിച്ചുകഴിഞ്ഞാൽ ആ ഒരു വർഷക്കാലം അവർ പ്രതിനിധി യോഗത്തിൽ അംഗങ്ങളായിരിക്കും. പ്രതിനിധിയോഗത്തിന്റെ കാലാവധി മൂന്ന് വർഷമാണ്.

7. സംഘടനകളുടെ ഏകോപന സമിതിയിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഒരു പുരുഷനും ഒരു സ്ത്രീയുമായിരിക്കും പ്രതിനിധി യോഗത്തിൽ സംഘടനകളെ പ്രതിനിധാനം ചെയ്യുക.

8. പുതിയ പ്രതിനിധിയോഗത്തിന്റെ കാലാവധി 2013 ജൂലൈ 3-ാം തിയ്യതി മുതൽ 2016 ജൂലൈ 3-ാം തിയ്യതി വരെയായിരിക്കും.

9 പ്രതിനിധിയോഗാംഗങ്ങളെ കച്ചേരിയിൽനിന്നും അംഗീകരിച്ച് അനുവദിച്ച് തന്നാൽ പ്രതിനിധിയോഗത്തിലേക്ക് കൂടുതൽ ആളുകളെ ചേർക്കുവാനോ ഉള്ളവരെ ഒഴിവാക്കുവാനോ കച്ചേരിയിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്. ഏതെങ്കിലും അംഗങ്ങളുടെ ഒഴിവുവന്നാൽ പ്രസ്തുത ഒഴിവിലേക്ക് പുതിയ ആളെ കണ്ടെത്തി ഒഴിവ് വരാനുള്ള കാരണങ്ങളുടെ തെളിവടക്കം കച്ചേരിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

10 പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുത്ത് തെരട്ട് സമർപ്പിക്കുന്നതോടൊപ്പം അംഗീകാരം വാങ്ങേണ്ടതാണ്. അതിന് തീർത്തും സാധിക്കാത്ത പക്ഷം 2013 ജൂൺ 25-ന് മുൻപ് പ്രസ്തുത അനുവാദം വാങ്ങിയിരിക്കണം

11 പ്രതിനിധിയോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ 10% എങ്കിലും 21 വയസ്സിനും 35 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരാകാൻ ശ്രദ്ധിക്കണം. അതുവഴി പ്രതിനിധിയോഗത്തിൽ യുവജനങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ സാധിക്കും.

രൂപതാ കാര്യാലയം — **മോൺ. ജോസ് ഇരിമ്പൻ**
25. 03. 2013 — വികാരി ജനറാൾ

### തെരട്ട് : ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

2013 മാർച്ച് മാസം ബുള്ളറ്റിനിലെ പേജ് 5, 6 -ൽ നൽകിയിരുന്നതിന്റെ തിരുത്ത്.

1) തെരട്ടിനോടൊപ്പം കൊണ്ടു വരേണ്ടത് 2011-12ലെ ഓഡിറ്റഡ് ബാലൻസ് ഷീറ്റാണ് (പേജ് 5; 11 a) 2) 31. 03. 2013 വരെ പതിപ്പിച്ച ബാങ്ക് പാസ് ബുക്കാണ് തെരട്ടിനോടൊപ്പം കൊണ്ടു വരേണ്ടത് (പേജ് 6; 11 b).

349/13
22.03.2013

# ഇടയലേഖനം

## ലോക ദൈവവിളി പ്രാർത്ഥനാദിനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീസന്യാസികളേ, പ്രിയ മക്കളേ,

ഏപ്രിൽ 21 ലോകദൈവവിളി പ്രാർത്ഥനാദിനമാണല്ലോ. തിരുസഭ വിശ്വാസവർഷമായി ആചരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ രൂപതയിൽ ദൈവവിളി കണ്ടെത്തേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും ഏറെ അഭികാമ്യമായിട്ടുള്ള കാര്യമാണ്. ഭൗതികതയുടെ അതിപ്രസരവും മാധ്യമങ്ങളുടെ സ്വാധീനവും മൂലം മുൻപത്തേക്കാളേറെ ദൈവവിളിയിൽ കുറവു സംഭവിക്കുന്നു. പലപ്പോഴും വിളി കേൾക്കാനോ വിളി തിരിച്ചറിയാനോ പലർക്കും കഴിയുന്നില്ല.

ദൈവത്തിന്റെ സ്വരം ശ്രവിക്കുമ്പോൾ അതു വിവേചിച്ചറിയാനുള്ള കഴിവ് നമുക്കുണ്ടായി എന്നു വരികയില്ല. ദൈവവുമായിട്ടുള്ള ബന്ധത്തിലൂടെ മാത്രമെ നമുക്ക് ആ സ്വരം തിരിച്ചറിയാൻ സാധിക്കൂ. അതിനാൽ തന്റെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്ന വ്യക്തി പ്രാർത്ഥനയിലൂടെ ദൈവവുമായി ഐക്യപ്പെടണം. പ്രാർത്ഥനയിൽ ലയിക്കുമ്പോഴാണ് ദൈവം തന്റെ അഭീഷ്ടം വെളിപ്പെടുത്തുന്നത്. പ്രാർത്ഥനയിലൂടെ ദൈവത്തെ കണ്ടെത്താത്ത വ്യക്തിക്ക് ദൈവത്തിന്റെ വിളി മനസിലാക്കുവാൻ സാധിക്കുകയില്ലെന്ന് സാമുവലിന്റെ ചരിത്രം വ്യക്തമാക്കുന്നു. ദൈവമാണ് സാമുവലിനെ വിളിക്കുന്നത് എന്ന് മനസ്സിലാക്കിയ ഏലി സാമുവലിനെ നേരായ മാർഗ്ഗത്തിലൂടെ തിരിച്ചുവിടുന്നു. ജീവിതമാർഗ്ഗദർശന ക്യാമ്പുകൾ, ദൈവവിളി ധ്യാനങ്ങൾ, മറ്റ് പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവയെല്ലാം വിളി ശരിയായി ഗ്രഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ്. വൈദികർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ, അധ്യാപകർ, കൂട്ടുകാർ എന്നിവരെല്ലാം ദൈവവിളിയെ ശരിയായ മാർഗ്ഗത്തിലൂടെ കണ്ടെത്താൻ സഹായിക്കുന്നവരാണ്.

ഈശോ മുൻകൈയെടുത്ത് തന്നെ അനുഗമിക്കുവാൻ ശിഷ്യന്മാരെ വിളിച്ചതെങ്ങെനെയെന്ന് ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ വിവരിക്കുന്നു. ശിഷ്യർ ഗുരുവിനെ അന്വേഷിച്ച് കണ്ടെത്തുന്ന പതിവിനു വിപരീതമായി ഈശോ തന്റെ ശിഷ്യന്മാരെ അന്വേഷിച്ചിറങ്ങുന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഈശോ കടൽത്തീരത്തുകൂടി കടന്നുപോകുമ്പോൾ സഹോദരന്മാരായ ശിമയോൻ, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കണ്ടുമുട്ടുന്നു. അവിടന്ന് അവരെ വിളിക്കുന്നു. "എന്നെ അനുഗമിക്കുവിൻ" ഇതേ വിളി തന്നെയാണ് ചുങ്കക്കാരനായ മത്തായിക്കും ലഭിച്ചത്.

**ശിഷ്യത്വത്തിലേക്കുള്ള വിളിയുടെ വിവിധ ഘടകങ്ങൾ**

1. **തെരഞ്ഞെടുപ്പ് :** 'കടന്നു പോകവെ' എന്ന ശൈലി ദൈവതിരുമനസ്സിന്റെ നിർണ്ണായകമായ തിരഞ്ഞെടുപ്പിന്റെ സ്വഭാവമാണ് സൂചിപ്പിക്കുക. ദൈവം സീനായ് മലമുകളിൽവച്ച് മോശയുടെയും, ഹൊറെബ് മലയിൽവച്ച് ഏലിയായുടെയും മുൻപിലൂടെ കടന്നുപോകുന്ന രംഗങ്ങൾ പഴയ നിയമത്തിലുണ്ട്. "അപ്പോൾ ദൈവം ആ വഴി കടന്നുപോയി. ഏലിയാ മേലങ്കികൊണ്ട് തന്റെ മുഖംമൂടി" പുറത്തേക്ക് ഗുഹാമുഖത്തു വന്നു നിന്നു. അപ്പോൾ കർത്താവ് അദ്ദേഹത്തോട് സംസാരിച്ചു. ഈ കടന്നുപോകൽ വാസ്തവത്തിൽ ദൈവതിരുമനസ്സിന്റെ നിർണ്ണായകമായ തിരഞ്ഞെടുപ്പാകുന്നു. നമുക്ക് യാദൃശ്ചികമായി തോന്നുന്നത് ദൈവത്തിന്റെ അചഞ്ചലമായ തീരുമാനമാണ്. ഈ ദൈവിക തീരുമാനം മനുഷ്യന് അഗ്രാഹ്യമാണ്. ആകയാൽ ശിഷ്യത്വത്തിലേക്കുള്ള ദൈവവിളിയിൽ ഒരു നിർണ്ണായകഘടകമാണ് ദൈവിക തിരഞ്ഞെടുപ്പ്.

2. **വചനവും വിളിയും :** വിളിക്കുന്ന വ്യക്തിയുടെ വാക്ക് അയാളുടെ നോട്ടംപോലെ തന്നെ നിർണ്ണായകമാണ്. ദൈവവചനം ശക്തിമത്തവും ഫലദായകവുമാണ് യോഹ. 1:38ൽ അവിടുന്ന് ശിഷ്യരോട് ചോദിച്ചു. "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" ഇവിടെ ദൈവവചനം വിളിയുടെ സ്വഭാവം ഉൾക്കൊള്ളുന്നുണ്ട്. ഈ വചനത്തെപ്പറ്റി പഴയ നിയമത്തിൽ പല ഭാഗങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ഈ അർത്ഥത്തിൽ ദൈവവിളിയെന്നാൽ ക്രിസ്തുവിനെ അനുധാവനം ചെയ്യാനും അവിടന്ന് ആവശ്യപ്പെടുന്ന ദൗത്യം പൂർത്തീകരിക്കുവാനും വേണ്ടതായ ശക്തിയും ചൈതന്യവും സമ്പാദിക്കുക എന്നതാണ്.

3. **അനുധാവനം :** ശിഷ്യന്മാർക്ക് ലഭിച്ച വിളി ക്രിസ്തുവിനെ അനുകരിക്കാനുള്ള ഒരു ആഹ്വാനമാണ്. ഈശോയുടെ പിന്നാലെ

പോകുവാൻ ശിഷ്യന്മാർ സർവ്വവും ഉപേക്ഷിക്കുന്നു. സർവ്വവിധ ബന്ധങ്ങളും വിച്ഛേദിച്ചുക്കൊണ്ടുള്ള സ്വയം സമർപ്പണമാണിതെന്ന് വ്യക്തമാക്കുന്നു. ക്രിസ്തു വിളിക്കുന്ന വ്യക്തിയിൽനിന്ന് സമൂലമായ ഒരു മാനസാന്തരവും സമർപ്പണവും ആവശ്യപ്പെടുന്നുണ്ട്. വീട്ടിൽ പ്പോയി പിതാവിനെ സംസ്കരിച്ചശേഷം തിരിച്ചുവരാമെന്ന് പറഞ്ഞ വന് ഈശോ ധൈര്യം പകർന്നുകൊടുക്കുന്നു. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. നീ പോയി ദൈവരാജ്യം പ്രസംഗിക്കു ക" (ലൂക്കാ 9:60) വീട്ടിലുള്ളവരോട് യാത്ര പറഞ്ഞശേഷം തിരിച്ചു വരാമെന്ന് പറഞ്ഞ വേറൊരുവനോട് ഈശോ പറഞ്ഞു "കലപ്പയിൽ കൈവച്ചശേഷം പിൻതിരിഞ്ഞു നോക്കുന്ന ഒരുവനും ദൈവരാജ്യ ത്തിനു യോഗ്യനല്ല" (ലൂക്ക 9:62). ഈശോയുടെ വിളി സ്വീകരിക്കു ന്നവർ അവിടുത്തെ ഭാഗധേയത്തിലും ജീവിതത്തിലും പൂർണ്ണമായി പങ്കുചേരേണ്ടതുണ്ട്. അവിടുന്ന് പറയുന്നു: "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യ ജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24).

4. **ചുമതലപ്പെടുത്തൽ :** "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കു ന്നവരാക്കാം" എന്ന വാക്കുകൾ ദൈവത്തിന്റെ സ്വാതന്ത്ര്യവും ഫല ദായകവും സർവ്വശക്തവുമായ പ്രവൃത്തിയാണ് വിളിയെന്നു കാണി ക്കുന്നു. ഓരോ വിളിയും പ്രത്യേകമായ ചുമതലപ്പെടുത്തലാണ്. അവിടന്ന് മലയിൽ കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുക്കലേക്ക് വിളിച്ചു. അവർ അവിടത്തെ അടുക്കൽ ചെന്നു. തന്നോടുകൂടെ ആയിരിക്കേണ്ടതിനും പ്രസംഗിക്കാൻ അയക്കേണ്ടതിനും പിശാ ചുക്കളെ ബഹിഷ്ക്കരിക്കാനുള്ള അധികാരം പ്രാപിക്കുന്നതിനു മായി അവിടന്നു 12 പേരെ നിയോഗിച്ചു" (മർക്കോ. 3:14-15). ഈശോ അവിടത്തെ ഉത്ഥാനത്തിനുശേഷം രക്ഷയുടെ സന്ദേശം പ്രഘോ ഷിക്കുവാൻ പൂർണ്ണമായി അവരെ ചുമതലപ്പെടുത്തി.

5. **തിടുക്കം :** ദൈവത്തിന്റെ വിളി ആധികാരികവും, ആജ്ഞാപ രവും, അടിയന്തരവുമാണ്. ഈ വിളിക്ക് പ്രത്യുത്തരം നൽകാൻ കാലവിളംബരമോ ആശങ്കയോ ഉണ്ടാകരുത്. വിളിക്കപ്പെട്ട വ്യക്തി യുടെ പക്ഷത്തുനിന്ന് അനുകൂലമോ പ്രതികൂലമോ ആയ ഒരു ദൃഢ തീരുമാനം ഇതാവശ്യപ്പെടുന്നു. ഈ കടമയിൽനിന്ന് രക്ഷപ്പെടാൻ ആർക്കും സാധ്യമല്ല. ദൈവവിളി ലഭിച്ച എല്ലാവർക്കും അത് ഉദാര മായി സ്വീകരിക്കുകയും പിൻതുടരുകയും വേണം. ദൈവവിളി സ്വീക രിക്കുന്നവരുടെ പെരുമാറ്റവും സ്വഭാവവും സുവിശേഷങ്ങളിൽ

ചിത്രീകരിച്ചിട്ടുണ്ട്. തികച്ചും സാധാരണ ജോലികളിൽനിന്നും ജീവിതസാഹചര്യങ്ങളിൽനിന്നുമാണ് അവർ ക്ഷണിക്കപ്പെട്ടത്. വിളിക്കുവേണ്ടി അവർ മുൻകൂട്ടി തയ്യാറായിരുന്നുവോ ഇല്ലയോ എന്ന് ഒരിടത്തും പറയുന്നില്ല. “അവർ ഉടനെ വലകളുപേക്ഷിച്ച് അവിടത്തെ അനുഗമിച്ചു” എന്ന വാക്കുകളിൽ ഈ അനിർവാര്യത വ്യക്തമാക്കുന്നു. മാമ്മോദീസയിലൂടെ ക്രൈസ്തവവിളി സ്വീകരിച്ചവർക്ക് പല ജീവിതാവസ്ഥകളിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ സാധിക്കും. സന്യാസം, പൗരോഹിത്യം, വിവാഹം എന്നിവയാണ് ഇവ. നിശ്ചിത ജീവിതാവസ്ഥക്കായി ഒരു വ്യക്തിയെ നിയോഗിക്കുന്ന ദൈവതിരുമനസിന്റെ പ്രകാശനമാണ് ദൈവവിളിയെന്ന് എളുപ്പത്തിൽ നിർവ്വചിക്കാം.

**6. ദൈവവിളി ഒരു അനുഭവം :** ദൈവവിളി ഒരു അനുഭവമാണ്. ഓരോ വ്യക്തിയിലും ഈ അനുഭവം വ്യത്യസ്തമായ രീതിയിൽ പ്രകാശിതമായെന്നു വരും. ദൈവവിളി ഒരു അനുഭവമായതിനാൽ അതിനൊരു തുടക്കം കാണും. ഒരു അന്വേഷണ സ്വഭാവം അതിനുണ്ടായിരിക്കും. മാത്രമല്ല, അത് എന്നും വളർന്നുകൊണ്ടിരിക്കും. ക്രിസ്തുവിന്റെ വിളി പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുക എന്നതായിരുന്നു. ഈ അന്വേഷണത്തിന്റെയും വളർച്ചയുടെയും സൂചനകൾ ഈശോയുടെ 12-ാം വയസ്സിലെ ദേവാലയപ്രവേശനത്തിൽ കാണാവുന്നതാണ്. താൻ ദേവാലയത്തിൽ തങ്ങണമോ? തന്റെ മാതാപിതാക്കന്മാരോടുകൂടി ജീവിക്കണമോ? മറിയത്തിന്റെ ചോദ്യത്തിന്റെ മുൻപിൽ ക്രിസ്തു നൽകുന്ന ഉത്തരം അവിടത്തെ ദൈവവിളി എന്തെന്ന് വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ വിളിയുടെ ഒരു തുടർച്ചയാണ് നമ്മുടെ വിളി. ദൈവത്തിന്റെ സ്വന്തം തിരഞ്ഞെടുപ്പാണ്. ദൈവത്തിന്റെ വിളിക്ക് Yes പറഞ്ഞു കഴിഞ്ഞാൽ അത് നിത്യമായിരിക്കും. ദൈവം നമ്മുടെ അടുക്കൽ ഒരു ഭിക്ഷുവിനെപ്പോലെ വന്ന് നമ്മോട് യാചിക്കുകയാണ്. തന്റെ സ്നേഹം നിനക്ക് എടുക്കാമോ. ദൈവവിളിയിൽ ഉറച്ചുനിൽക്കുന്നത് നമ്മുടെ ഭാഗത്തുനിന്ന് വളരെയധികം ഔദാര്യം ആവശ്യമുണ്ട്.

**ദൈവവിളി ഒരു വെല്ലുവിളി :** ദൈവവിളി ഒരു വെല്ലുവിളിയാണ്; ഒരു സാഹസികതയാണ്. സഹനത്തിലേക്കുള്ള വിളിയാണ്. മീൻപിടിച്ചുകൊണ്ടിരിക്കുന്ന മുക്കുവരെ മനുഷ്യരെ പിടുത്തക്കാരാക്കാൻ ക്രിസ്തു വിളിച്ചുകഴിഞ്ഞപ്പോൾ അവർ തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിന്റെ പിന്നാലെ പോകുന്നു. ഈ തിടുക്കത്തിലുള്ള

പിഞ്ചെല്ലിനുകാരണം ക്രിസ്തുവിന്റെ അധികാരികതയാണ്. ക്രിസ്തുവിന്റെ വിളിക്ക് ഉത്തരം നൽകുക എന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് ഏറെ സംഘടനാത്മകമായ അവസ്ഥ ഉണ്ടാകുന്നതാണ്. ദൈവത്തിന്റെ വിളി ഒരു വശത്തും ലോകത്തിന്റെ സുഖസന്തോഷ ങ്ങളിൽ മുഴുകുവാനുള്ള ആവേശം മറുവശത്തും ഇന്നിന്റെ കാല ഘട്ടത്തിന്റെ പ്രത്യേകതയാണ്. മാധ്യമങ്ങളുടെ സ്വാധീനം സാമ്പ ത്തിക ഭദ്രതയിൽനിന്നു വിട്ടുമാറി മറ്റുള്ളവരുടെ ഔദാര്യത്തെ മാത്രം ആശ്രയിച്ചുനിൽക്കുന്ന ജീവിതം സുരക്ഷിതത്വത്തിലേക്കു എങ്ങനെ കടന്നുചെല്ലും? മരണംവരെ ഈ ജീവിതം തുടരാൻ സാധിക്കുമോ? തുടങ്ങിയ നൂറു നൂറു പ്രശ്നങ്ങൾ അവനെ അലട്ടിക്കൊണ്ടിരിക്കും. ഇവിടെയെല്ലാം കർത്താവിന്റെ വിളിക്ക് കാതോർക്കാൻ കഴിയണം.

ദൈവവിളി സ്വീകരിച്ച് പരിശീലനത്തിലായിരുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ ഇടവകയിൽനിന്ന് ദൈവവിളികൾ കണ്ടെത്താനും പ്രോത്സാഹനം നൽകാനും നാം തയ്യാറാകണം. സെമിനാരിയെ പ്രാർത്ഥനയിലൂടെയും ത്യാഗപൂർവ്വമായ സഹകര ണത്തിലൂടെയും സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാ അഭ്യുദയകാം ക്ഷികൾക്കും നന്ദി പറയുന്നതോടൊപ്പം തുടർന്നു നിങ്ങളുടെ സഹ കരണം പ്രതീക്ഷിക്കുന്നു. മിശിഹായെയും അവിടത്തെ ശിഷ്യ രെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത ദൈവാത്മാ വിന്റെ നിവേശനവും പ്രചോദനവും സ്വീകരിച്ച് അനുയോജ്യമായ തീരുമാനമെടുക്കാൻ നമ്മുടെ മക്കൾക്ക് സാധിക്കട്ടെ. യുവമനസ്സു കളെ മലീനസമാക്കുന്ന എല്ലാ തിന്മകളുടെയും ബന്ധനങ്ങളിൽനിന്ന് വിമുക്തമായി നന്മ നിറഞ്ഞ ജീവിതസാക്ഷ്യം നൽകാൻ അവർ പ്രാപ്തരാകട്ടെ. നിത്യ പുരോഹിതനായ യേശുവിന്റെ അമ്മയുടെ വാത്സല്യവും യേശുവിനുവേണ്ടി വിശ്വാസസമർപ്പണം നടത്തിയ നമ്മുടെ പിതാവ് തോമാശ്ലീഹായുടെ മാധ്യസ്ഥവും ഞാൻ പ്രാർത്ഥി ക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഉത്ഥിതനായ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
19. 03. 2013

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:-ഈ ഇടയലേഖനം ഏപ്രിൽ 21 ഞായറാഴ്ച ദിവ്യബലി മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## ദൈവവിളി പ്രാർത്ഥന

"തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" എന്ന് ശിഷ്യന്മാരോട് അരുൾചെയ്ത കർത്താവേ, സഭാ ശുശ്രൂഷയ്ക്കും സുവിശേഷപ്രചാരണത്തിനും സന്നദ്ധരായ വൈദികരെയും സന്ന്യസ്തരെയും ഞങ്ങൾക്ക് പ്രദാനം ചെയ്യുന്നതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. 'നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്' എന്ന വചനത്തിന്റെ അർത്ഥം മനസ്സിലാക്കി അങ്ങയുടെ വിളിക്ക് പ്രത്യുത്തരം നല്കുവാൻ യോഗ്യരായ എല്ലാ യുവതീയുവാക്കന്മാരെയും അങ്ങ് ശക്തരാക്കണമെ. തങ്ങളുടെ മക്കളുടെ ദൈവവിളി തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുവാൻ എല്ലാ മാതാപിതാക്കന്മാരെയും അങ്ങ് അനുഗ്രഹിക്കണമേ. അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ ഞങ്ങളുടെ കുടുംബത്തിൽനിന്നും വൈദിക, സമർപ്പിത ശുശ്രൂഷകൾക്കായി യോഗ്യരായ മക്കളെ തിരഞ്ഞെടുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവവിളി സ്വീകരിച്ച് അങ്ങേയ്ക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന എല്ലാ വൈദികരെയും സന്ന്യസ്തരെയും അങ്ങ് കാത്തു പരിപാലിക്കണമേ. അവസാനം ഞങ്ങൾ എല്ലാവരും അങ്ങയുടെ സ്വർഗ്ഗീയ മഹത്ത്വത്തിൽ പങ്കുചേരുവാൻ ഇടയാക്കുകയും ചെയ്യണമേ. ആമ്മേൻ.

## വിശ്വാസവർഷം 2012 - 2013
## വിശ്വാസസംരക്ഷണം-സമർപ്പിതപ്രേഷിതത്വം

കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമാ ഹെറിറ്റേജിന്റെ ആഭിമുഖ്യത്തിൽ വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി വിശ്വാസസംരക്ഷണം-സമർപ്പിതപ്രേഷിതത്വം എന്ന വിഷയത്തെ ആധാരമാക്കി 2-ാം വത്തിക്കാൻ കൗൺസിൽ (Perfectae Caritatis) സന്യസ്തർക്കായി പാക്സിൽ താമസിച്ചുള്ള ദ്വിദിന-കോഴ്സ് (റസിഡൻഷ്യൽ) 2013 മെയ് 24, 25 തിയതികളിൽ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത കോഴ്സിലേക്ക് രൂപതയിലുള്ള സന്യാസിനി സമൂഹത്തിൽനിന്ന് പ്രതിനിധികളെ അയക്കുവാൻ താത്പര്യപ്പെടുന്നു.

**ഫാ. ഡേവീസ് ചെങ്ങിനിയാടൻ**
എക്സിക്യൂട്ടീവ് ഡയറക്ടർ, Mob: 9946512176

350/13
22.03.2013

# ഇടയലേഖനം

## ലഹരിവിമുക്തവർഷം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

നമ്മുടെ രൂപതയുടെ റൂബി ജൂബിലിയ്ക്ക് ഒരുക്കമായി കഴിഞ്ഞ രണ്ടുവർഷങ്ങൾ യഥാക്രമം കുടുംബകൂട്ടായ്മ വർഷമായും യുവജനവർഷമായും നമ്മൾ ആചരിച്ചുവല്ലോ? ദൈവാനുഗ്രഹത്താൽ ഈ രണ്ടു മേഖലകളിലും പുത്തൻ ഉണർവ് നേടാൻ നമുക്കു സാധിച്ചിട്ടുണ്ട്. ദൈവത്തോടു നന്ദി പറയാം. ഈ ഉണർവ് കൂടുതൽ ഉജ്ജ്വലമാക്കാനുള്ള പ്രവർത്തന പരിപാടികളുമായി നമുക്ക് മുന്നോട്ടു പോകാം. ഈ വർഷം പരിശുദ്ധ അമ്മയുടെ മംഗളവാർത്താതിരുനാൾ ദിനമായ 2013 മാർച്ച് 25 മുതൽ അടുത്ത ഒരു വർഷത്തേക്ക് നമ്മുടെ രൂപത "ലഹരി വിമുക്തവർഷ"മായി ആചരിക്കുകയാണ്. തിന്മയുടെ ആസക്തികളാൽ നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ആത്മാവിനാൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവാനുള്ള ആഹ്വാനമാണ് ഈ വർഷം നാം നൽകുന്നത്.

സർവ്വസൃഷ്ടികൾക്കും ശ്രേഷ്ഠനായി തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സൃഷ്ടാവിനെയും തന്നെതന്നെയും മറന്ന് ലഹരിക്കടിമപ്പെട്ട് ജീവനും ജീവിതവും മനുഷ്യോചിതമായ മറ്റു സാഹചര്യങ്ങളും കുടുംബവും തകർത്തുകളയുന്ന വേദനിപ്പിക്കുന്ന അവസ്ഥ ഇന്ന് നമ്മുടെ നാട്ടിൽ വർദ്ധമാനമാകുകയാണ്. ലഹരിയുടെ നീരാളിപ്പിടുത്തത്തിലമരുകയാണ് നമ്മുടെ കൊച്ചു കേരളം. നമ്മുടെ കുട്ടികളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്നു. തന്മൂലം സമൂഹത്തിലും കുടുംബത്തിലും മൂല്യത്തകർച്ച സംഭവിക്കുകയും അക്രമം, ഗുണ്ടായിസം, പീഢനങ്ങൾ, ആത്മഹത്യകൾ, അപടകമരണങ്ങൾ, തുടങ്ങിയ സാമൂഹ്യതിന്മകൾ പെരുകുകയും ചെയ്യുന്നു. ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുന്ന നമ്മുടെ നാടിനെ അതിൽ

നിന്ന് മോചിപ്പിച്ചെടുക്കുവാനുള്ള പ്രവാചകദൗത്യം ഏറെ തീക്ഷ ണതയോടെ നിർവ്വഹിക്കുവാൻ ഈ വർഷം നമ്മുടെ രൂപത മുന്നിട്ട് ഇറങ്ങുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

"ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ച മർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും" (ലൂക്ക 4,18-19) പ്രഘോഷിക്കു കയും അത് പ്രവർത്തിപദത്തിലാക്കുകയും ചെയ്ത ക്രിസ്തുവിന്റെ വിമോചനദൗത്യം, ലഹരിയുടെ ബന്ധനത്തിലും അടിമത്തത്തിലും നിന്ന് ദൈവമക്കളെ മോചിപ്പിക്കുവാൻ, നമ്മൾ, സഭാമക്കൾ ഏറ്റെടു ക്കേണ്ടതുണ്ട്. കാരണം, ഒരു മനുഷ്യൻ ലഹരിക്കടിമപ്പെടുന്നതു വഴി അവൻ, ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുക യും, ജീവന്റെ സൗന്ദര്യത്തെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു. പാപം വഴി മനുഷ്യന് കൈമോശം വന്ന പുത്രനടുത്ത പ്രസാദവരം ആത്മീയവും ഭൗതീകവുമായ തലങ്ങളിൽ വീണ്ടെടുത്തുതരികയാ യിരുന്നല്ലോ യേശുവിന്റെ ജീവിതലക്ഷ്യം ഇതേ ലക്ഷ്യം തന്നെ യാണ് സഭയുടേതും. യേശു തന്റെ വിമോചനദൗത്യം നിർവ്വഹിച്ച പ്പോൾ പ്രകടിപ്പിച്ച അതേ അർപ്പണബോധവും ആത്മാർത്ഥതയും നിശ്ചയദാർഢ്യതയും ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും സമൂഹത്തെ മോചിപ്പിക്കുവാൻ നമുക്ക് ആവശ്യമാണ്. "ജീവൻ നല്കുവാനും അത് സമൃദ്ധമായി നല്കുവാനും" വന്ന യേശു, വിശപ്പിലൂടെ, രോഗത്തിലൂടെ, മരണത്തിലൂടെ മനുഷ്യജീവന് ഭീഷണി നേരിട്ട സന്ദർഭങ്ങളിലെല്ലാം ജീവനെ സംരക്ഷിക്കുവാൻ നേരിട്ടിറങ്ങുന്നത് നമ്മൾ സുവിശേഷത്തിൽ കാണുന്നുണ്ടല്ലോ. രോഗാതുരവും മരണാസന്നവുമായ എല്ലാ തലങ്ങളിലും കാലഘട്ട ങ്ങളിലും ജീവനെ സംരക്ഷിക്കുവാൻ സഭ മുന്നിട്ടിറങ്ങുന്നതും സഭാ ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാം. മനുഷ്യജീവന്റെ നേരെ യുള്ള യേശുവിന്റെയും സഭയുടെയും ഈ കരുതലും സ്നേഹവും ലഹരിയുടെ സ്വാധീനം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും കീഴടക്കുന്ന ഈ കാലഘട്ടത്തിൽ സഭാമക്കൾ ഏറ്റെടുക്കേണ്ടത് ഏറെ പ്രസ്ക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്.

മനുഷ്യജീവനെയും ജീവിതസാഹചര്യങ്ങളെയും പ്രത്യക്ഷ മായും പരോക്ഷമായും നശിപ്പിക്കുകയാണ് ലഹരിവസ്തുക്കളുടെ ഉപയോഗം. അത് ഗൗരവമായ തെറ്റാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകളിൽ "മദ്യം എല്ലാ തിന്മകളുടെയും പെറ്റമ്മയും പോറ്റമ്മയുമാണ്". കത്തോലിക്കാസഭയുടെ മതബോ

ധനഗ്രന്ഥത്തിൽ പഠിപ്പിക്കുന്നതുപോലെ "മയക്കുമരുന്നുകളുടെ ഉപയോഗം മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും വലിയ ഗൗരവ മുള്ള നാശമുണ്ടാക്കുന്നു. അത്യാവശ്യ ചികിത്സകൾക്കല്ലാതെ, അവ യുടെ ഉപയോഗം ഗൗരവപൂർണ്ണമായ തെറ്റാണ്. മയക്കു മരുന്നുക ളുടെ രഹസ്യമായ ഉത്പാദനവും ക്രയവിക്രയവും ഉതപ്പു നൽകുന്ന പ്രവൃത്തികളാണ്. അവ തിന്മയ്ക്കുള്ള പ്രത്യക്ഷമായ സഹകര ണവുമാണ്. കാരണം തികച്ചും ധാർമ്മികനിയമത്തിന് എതിരായ പ്രവൃത്തികൾ ചെയ്യുവാൻ അവ ആളുകളെ പ്രേരിപ്പിക്കുന്നു" (CCC 2291). പ്രഭാഷകന്റെ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. അമിത മായ വീഞ്ഞ് ഇടർച്ചയും പ്രലോഭനവുമുണ്ടാക്കുന്ന തിക്താനുഭ വവുമാണ്. ഉന്മത്തത വിഡ്ഢിയെ കോപിപ്പിച്ച് നാശത്തിലെത്തി ക്കുന്നു. അത് അവന്റെ ശക്തികെടുത്തി മുറിവ് വർദ്ധിപ്പിക്കുന്നു. (പ്രഭാ.31. 29-30). മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമായ ദൈവരാജ്യ പ്രാപ്തിക്ക് തടസ്സം നില്ക്കുന്ന മാരകമായ തെറ്റുകളായ അസന്മാർ ഗ്ഗികത, വിഗ്രഹാരാധന, വ്യഭിചാരം, സ്വവർഗ്ഗഭോഗം, മോഷണം, കവർച്ച, അത്യാഗ്രഹം, പരദൂഷണം എന്നിവപോലെതന്നെ ഗൗരവ മായ തിന്മയാണ് മദ്യപാനമെന്ന് വി. പൗലോസ് ശ്ലീഹാ ഓർമ്മപ്പെടു ത്തുന്നുണ്ട് (1 കോറി, 6-10). ആരും നശിച്ച് പോകാതെ എല്ലാ മനുഷ്യരും രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന ഈശോയുടെയും സഭയുടെയും മനോഗതങ്ങളെ സ്വന്തമാക്കുന്ന സഭാമക്കളായ നമ്മൾ മനുഷ്യന്റെ ആത്മനാശത്തിന് കൂടെ ഇടയാക്കുന്ന ലഹരിക്കെതിരെ പോരാടുവാനുള്ള പ്രേഷിത തീക്ഷ്ണതയുള്ളവരാകണം.

ലഹരിയുടെ ഭീകരത സമൂഹത്തെ കൊന്നൊടുക്കുവാൻ തക്ക വിധം വളർന്നിരിക്കുന്നു. എന്നാൽ അത് കണ്ടില്ലായെന്ന് നടിച്ച് അതിൽനിന്നുള്ള സാമ്പത്തികനേട്ടം മാത്രം നോക്കി അവയെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരുകൾ തങ്ങളുടെ വലിയ കടമ വിസ്മരിക്കുകയാണ്. ഭരണഘടനയുടെ 47-ാം ആർട്ടിക്കിളിൽ ഔഷധ ആവശ്യങ്ങൾക്കല്ലാതെ ലഹരിവസ്തുക്കൾ ഉണ്ടാക്കുക യോ കൈവശം വയ്ക്കുകയോ വിതരണം ചെയ്യുകയോ പാടില്ല എന്ന് അനുശാസിക്കുന്നുണ്ട്. കാരണം, ഇത് ആരോഗ്യത്തിന് ഹാനി കരമായ വസ്തുവാണ്. ജനങ്ങളുടെ ജീവന് സംരക്ഷണം നല്കേണ്ട സർക്കാർ ഒളിഞ്ഞും തെളിഞ്ഞും ലഹരിപദാർത്ഥങ്ങളുടെ ഉത്പാദ നവും വിതരണവും നടത്തുമ്പോൾ ഭരണഘടനാപരമായ ഉത്തരവാ ദിത്വം മറക്കുകയല്ലേ ചെയ്യുന്നത്. പൗരന്റെ സാമൂഹികവും

സാമ്പത്തികവുമായ അഭിവൃദ്ധിക്കുവേണ്ടി നിലകൊള്ളേണ്ട സർക്കാർ ലഹരിയുടെ വില്പനക്കാരോ ഇടനിലക്കാരോ ആയി മാറരുത്.

ലഹരിക്ക് അടിമകളാകുന്ന മാതാപിതാക്കൾ മക്കൾക്ക് തിന്മ വരുത്തുന്നു. ലഹരിയിൽ ഉന്മത്തനായി വിവസ്ത്രനായി കിടന്ന നോഹ തന്റെ കുടുംബത്തിനുണ്ടാക്കിയ ദുരന്തം ഉത്പത്തി പുസ്തകത്തിൽ 9-ാം അദ്ധ്യായത്തിൽ നമ്മൾ വായിക്കുന്നുണ്ട്. നോഹിന്റെ മകനായ ഹാമിന്റെ തലമുറ ശപിക്കപ്പെട്ടതായി (ഉല്പ. 9,24). ലഹരിക്കടിമപ്പെട്ട കുടുംബം ദൈവാനുഗ്രഹം നഷ്ടപ്പെടുത്തിയ കുടുംബമായി തീരുന്നു. രോഗം, പട്ടിണി, അസമാധാനം, അസ്വസ്ഥത, കലഹം എന്നിവയാൽ സമ്പന്നമാകുന്നു. അതിൽ വളരുന്ന മക്കൾ ആന്തരികമുറിവിന്റെയും തത്ഫലമായി ഉണ്ടാകുന്ന തകർച്ചകളുടെയും ഇരകളാകുന്നു. ലഹരി നല്കുന്ന ഉന്മത്തത ഉപേക്ഷിച്ച് സ്നേഹം നല്കുന്ന ഊഷ്മളതയിൽ കുടുംബങ്ങളെ രൂപപ്പെടുത്താൻ മാതാപിതാക്കളും മക്കളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ലഹരിവിമുക്തമായ കുടുംബങ്ങളും കുടുംബ പശ്ചാത്തലവും ഒരുക്കി ആരോഗ്യവും ദൈവാനുഗ്രവും ഉള്ള കുടുംബങ്ങൾ കൊണ്ട് നമ്മുടെ സമൂഹത്തിന്റെ അടിത്തറ ശക്തിപ്പെടുത്തണം. 'ലഹരി വിമുക്ത ഭവനം ദൈവഭവനം' എന്ന ആപ്തവാക്യമാണ് നാം സ്വീകരിച്ചിരിക്കുന്നത്.

പ്രിയ സഹോദരങ്ങളെ, മനുഷ്യന്റെ സമഗ്രമായ വളർച്ചയ്ക്കും വികസനത്തിനും തടസ്സമായ മദ്യസക്തിയും മറ്റു ലഹരികളും സൃഷ്ടിക്കുന്ന മരണസംസ്ക്കാരത്തിൽനിന്നും നാടിനെ രക്ഷിക്കാൻ ഈ ലഹരി വിമുക്തവർഷത്തിൽ നമുക്ക് ഒന്ന് ചേർന്ന് പ്രവൃത്തിക്കാം. ലഹരിസംസ്ക്കാരം മൂലം തകർന്ന അസ്ഥികളിലും മജ്ജകളിലും (എസെ.37,1) ജീവന്റെ സമൃദ്ധി നൽകാൻ നമുക്ക് പരിശ്രമിക്കാം. താഴെ പറയുന്ന കാര്യങ്ങൾ ലഹരിവിമുക്തവർഷത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിൽ നടപ്പാക്കണമെന്ന് ആഗ്രഹിക്കുന്നു.

1. എല്ലാ ഇടവകകളിലും രൂപാതിർത്തിയിലുമുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളിലും മുതിർന്നവരുടെയും യുവാക്കളുടെയും കുട്ടികളുടെയും ലഹരിവിരുദ്ധ സമിതികൾ രൂപീകരിച്ച് വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
2. ഫൊറോനതലത്തിൽ എല്ലാ ഇടവകസമിതികളെയും ചേർത്ത് ഫൊറോന വികാരിയുടെയും ഫൊറോന കോർഡിനേറ്ററുടെയും നേതൃത്വത്തിൽ ഫൊറോന ലഹരിവിരുദ്ധസമിതി രൂപം കൊടുക്കുക.

3. എല്ലാ ഇടവകകളിലും സമ്പൂർണ്ണ ലഹരിവിമുക്ത കുടുംബങ്ങളുടെയും യുവതീയുവാക്കളുടെയും കൂട്ടായ്മകൾ ഉണ്ടാക്കുക.
4. സഭയിലെ ഔദ്യോഗിക പദവികൾ വഹിക്കുന്നവർ ലഹരിവിമുക്തരാണെന്ന് ഉറപ്പുവരുത്തുക.
5. ഇടവകയിലെയും കുടുംബങ്ങളിലെയും ആഘോഷങ്ങൾ സമ്പൂർണ്ണ ലഹരിവിമുക്തമാക്കുക
6. സമാനചിന്തഗതികളുള്ള ഇതരമതത്തിൽപ്പെട്ട സഹോദരങ്ങളുമായി ചേർന്ന് ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികൾ പൊതുവേദികളിൽ സംഘടിപ്പിക്കുക.
7. രൂപതയിലെ എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ലഹരിവിമുക്തശ്രമങ്ങൾ പ്രചരിപ്പിക്കുന്ന പ്രവർത്തന പരിപാടികൾക്ക് ഈ വർഷം പ്രത്യേകം ഊന്നൽ നല്കുക.
8. ലഹരിസംസ്ക്കാരത്തെ വളർത്തുന്ന സർക്കാർ നിലപാടുകൾക്കെതിരെ പൊതുജനാഭിപ്രായം സ്വരൂപിച്ച് ഉത്തരവാദിത്വപ്പെട്ടവരെ അറിയിക്കുക.

മുകളിൽ സൂചിപ്പിച്ചുട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരിവിരുദ്ധ വർഷം ഏറ്റവും ഫലദായകമാക്കുവാൻ രൂപതയിലെ എല്ലാ വൈദികരുടെയും സന്യാസിനി-സന്യാസികളുടെയും അത്മായസുഹൃത്തുക്കളുടെയും സഹകരണം ഉണ്ടാകണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. അങ്ങനെ, കൂട്ടായ പ്രവർത്തനത്തിലൂടെ ലഹരിസംസ്ക്കാരത്തിന് പകരം ഒരു സ്നേഹസംസ്ക്കാരവും മരണസംസ്ക്കാരത്തിന് പകരം ജീവസംസ്ക്കാരവും വളർത്തിയെടുത്ത് നമ്മുടെ നാടിന് ശുഭകരമായ ഭാവിയും വരുംതലമുറയ്ക്ക് ആത്മാവിൽ നവീകരിക്കപ്പെട്ട ഒരു പുതുജീവനും പ്രദാനം ചെയ്യാൻ ഇടവരണം. അതിന് സർവ്വശക്തൻ നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ എന്ന് ആശംസിച്ചും പ്രാർത്ഥിച്ചും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

+ Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
19. 03. 2013 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:-ഈ ഇടയലേഖനം ഏപ്രിൽ 7 ഞായറാഴ്ച ദിവ്യബലി മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവമെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ രൂപതയിലെ എല്ലാ കുടുംബ ങ്ങളേയും ഞങ്ങളെ ഓരോരുത്തരെയും അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പി ക്കുന്നു. തിന്മയുടെ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു ആത്മാവിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവാൻ ഈ ലഹരിവിമുക്തവർഷത്തിൽ ഞങ്ങളെ പ്രാപ്തരാക്കണമെ.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും സ്വാധീനത്തിൽ കഴിയുന്ന സഹോദരരെയും അതുമൂലം തകർന്ന കുടുംബങ്ങളെയും കുടുംബാംഗങ്ങളെയും അങ്ങ് തൃക്കൺപാർക്കണമെ. ലഹരിക്കടിമപ്പെട്ടവരെ ആത്മാവിന്റെ അഭിഷേകത്താൽ നവീകരിച്ച് പുതിയ മനുഷ്യരാക്കി മാറ്റണമെ. അങ്ങയുടെ കരുണയാൽ ലഹരി വസ്തുക്കളിൽനിന്നും അവരെ മോചിപ്പിക്കണമെ. അങ്ങയുടെ സ്നേഹ ത്താൽ അവരെ നിറയ്ക്കണമെ. മദ്യത്തിലേക്കും മയക്കു മരുന്നുകളിലേ ക്കും നയിക്കുന്ന എല്ലാ ശക്തികളിൽ നിന്നും സാഹചര്യങ്ങളിൽനിന്നും മോചനം നേടുവാനും 'ലഹരിവിമുക്തഭവനം ദൈവഭവനം' എന്ന സന്ദേശത്തിന്റെ ജീവിക്കുന്ന സാക്ഷികളാകുവാനും ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും അനുഗ്രഹിക്കണമെ. ലഹരിവിമുക്ത പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എല്ലാവരിലേക്കും അങ്ങയുടെ ആത്മാവിനെ അയച്ച് അവരുടെ പ്രവർത്തനങ്ങൾ ഫലദായകങ്ങളാ ക്കണമെ. പരിശുദ്ധ അമ്മേ, ഞങ്ങൾക്കും ലഹരിക്കടിമപ്പെട്ട എല്ലാ മക്കൾക്കും കുടുംബങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കണമെ. വി. യൗസേപ്പി താവേ ഞങ്ങളുടെ ലഹരി വിമുക്തപ്രവർത്തനങ്ങൾ വിജയിപ്പിക്കണമെ.

### കാറോസൂസ

ആത്മാവിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവാൻ ആഹ്വാനം ചെയ്ത മിശിഹായെ, ലഹരി വസ്തുക്കൾക്ക് അടിമകളായവ രെ അതിൽ നിന്നും മോചിപ്പിക്കണമെന്നും ഈ ലഹരിവിമുക്തവർഷ ത്തിൽ അതിനായി പ്രയത്നിക്കുന്ന ഏവരേയും അനുഗ്രഹിക്കണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.

കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

351/13
22.03.2013

# സർക്കുലർ

***യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീ സന്യാസികളേ, പ്രിയ മക്കളേ,***

വിരൽത്തുമ്പിൽ വിസ്മയമൊളിപ്പിക്കുന്ന 'ഇൻഫർമേഷൻ ടെക്നോളജി' യുഗത്തിൽ തദനുസൃതമായ 'മുഖവും', സഭാത്മക ദർശനവും, പ്രവർത്തനപദ്ധതികളും രൂപപ്പെടുത്തേണ്ടത് ഇന്നിന്റെ ആവശ്യകതയാണല്ലോ. കാലഘട്ടത്തിനനുസൃതമായി സഭയുടെ പ്രേഷിതപ്രവർത്തനമേഖലകളിലും, സുവിശേഷപ്രഘോഷണരംഗത്തും പ്രബോധനവേദികളിലും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രത്യേക നിർദ്ദേശങ്ങളും, സഭാപ്രബോധനങ്ങളും, മാർപാപ്പയുടെ ആഹ്വാനങ്ങളും ഉൾക്കൊണ്ട് ഇരിങ്ങാലക്കുട രൂപത നടത്തുന്ന മുന്നേറ്റങ്ങൾ ശ്രദ്ധേയമാണ്.

സഹൃദയ എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ ഐ.ടി. പാർക്കിൽ നടത്തിവരുന്ന 'സഹൃദയ ടെക്' കമ്മ്യൂണിക്കേഷൻ മീഡിയായുടെ കീഴിൽ നടന്നുവരുന്ന രൂപതാ സൈറ്റുകൾ, ദർശൻ-ശ്ലീഹാ ഓൺലൈൻ മാഗസിന്റെയും, രൂപതാന്യൂസ്, ഫാമിലി അപ്പസ്തോലേറ്റുമായി സംയോജിച്ച് തുടരുന്ന മാട്രിമോണിയൽ സൈറ്റ് തുടങ്ങിയ അനവധി ക്രിയാത്മക പ്രവർത്തനങ്ങൾ നമ്മുടെ രൂപത ഇതിനോടകം ആരംഭിച്ച് പ്രാവർത്തികമാക്കി നടപ്പിലാക്കി വരുന്നുണ്ട്.

ഇത്തരുണത്തിൽ കമ്മ്യൂണിക്കേഷൻ മീഡിയായുടെയും സഹൃദയാ ടെക്കിന്റെയും സംയുക്തത്തിൽ നിരവധി പുതിയ സംരംഭങ്ങൾ സംഘടിപ്പിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. യുവജനവർഷ സമാപനദിനത്തിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ട വിദ്യാജ്യോതി കോംപ്ലക്സിലുള്ള ഈ ഓഫീസുകളെ കേന്ദ്രീകരിച്ച് 2013 മാർച്ച് 25 മുതൽ ഐ.ടി. മേഖലയിൽ പ്രത്യേകം ശ്രദ്ധയൂന്നിക്കൊണ്ടുള്ള വ്യത്യസ്ഥങ്ങളായ പദ്ധതികൾ ആരംഭിക്കുകയാണ്. സമർപ്പിതർ, അമ്മായർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ കേന്ദ്രീകരിച്ച് വൈവിധ്യങ്ങളായ കമ്പ്യൂട്ടർ പരിശീലന പദ്ധതികൾ നൂതന കമ്പ്യൂട്ടർ കോഴ്സുകൾ, സോഫ്ട്വെയർ രൂപകല്പന, വെബ് ഡിസൈനിങ്ങ്, ഡി.ടി.പി., എഞ്ചിനീയറിങ്ങ് വിദ്യാർത്ഥികൾക്കായുള്ള പ്രോജക്ട് ഡെവലപ്പ്മെന്റ്, സാങ്കേതിക

സഹായങ്ങൾ തുടങ്ങിയ പലവിധ പ്രവർത്തനപരിപാടികൾ ഇവിടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ്.

ഏറ്റവും പ്രത്യേകമാംവിധം ശ്രദ്ധയാകർഷിക്കുന്ന, രൂപതാത ലത്തിലുള്ള വ്യത്യസ്ഥ മീറ്റിംഗുകളിലും പഞ്ചദിന ക്യാമ്പുകളിലും ചർച്ച ചെയ്ത് അത്യാവശ്യമാണെന്ന് തീരുമാനിച്ച പാരീഷ് ഇൻഫർമേഷൻ ആന്റ് അക്കൗണ്ടിങ്ങ് സോഫ്ട്‌വെയർ ഈ ഓഫീ സിൽനിന്നും മാർച്ച് 25 മുതൽ ലഭ്യമാണ്. ഈ ഏകീകൃത ഇടവക വിവരശേഖരവിനിമയ സംവിധാനത്തിൽ എല്ലാ ഇടവകകളും പങ്കു ചേരുമല്ലോ. ബഹു. അച്ചന്മാർ ഇതിന് പ്രത്യേകമായ ശ്രദ്ധ ചെലുത്തി മുൻകൈ എടുക്കണം. ഇതിന്റെ സാധ്യതകളെക്കുറിച്ചും സാങ്കേതി കവശങ്ങളെക്കുറിച്ചും സഹായസഹകരണങ്ങൾക്കായി കമ്മ്യൂണി ക്കേഷൻ മീഡിയയും 'സഹൃദയ ടെക്കും' തയ്യാറാണ്.

ആധുനിക കാലഘട്ടത്തിന്റെ ധ്രുതഗതിയിലുള്ള വളർച്ചയിൽ വ്യക്തമായ ദർശനങ്ങളോടും കാഴ്ചപ്പാടുകളോടുംകൂടെ സഭയുടെ ഉദാത്തമായ ലക്ഷ്യത്തിലേക്ക് നമുക്കൊരുമിച്ച് യാത്ര തുടരാം. ഏവ രുടെയും പൂർണ്ണ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

+ Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**

20 03. 2013 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:-ഈ സർക്കുലർ ഏപ്രിൽ 14 ഞായറാഴ്ച ദിവ്യബലി മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

കന്യാസ്ത്രീ മഠങ്ങൾ, ഇടവകവൈദിക മന്ദിരങ്ങൾ തുടങ്ങിയ മതസ്ഥാപനങ്ങൾക്കുള്ള പാചകവാതക സിലിണ്ട റുകൾക്ക് സബ്സിഡി അനുവദിക്കാൻ കേന്ദ്രം തീരുമാനിച്ചി ട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് ലഭിക്കുന്ന തോതിലുള്ള സബ്സിഡിയായിരിക്കും ഈ സ്ഥാപനങ്ങൾക്കും ലഭിക്കുക.

**പ്രൊഫ. കെ.വി. തോമസ്**
MINISTER OF STATE (INDEPENDENT CHARGE)
FOR COSUMER AFFAIRS, FOOD & PUBLIC DISTRIBUTION
GOVERNMENT OF INDIA
NEW DELHI, 26th FEBRUARY 2013

288/13
08.03.2013

# വിജ്ഞാപനം

## വൈദികപരിശീലനവും ദൈവവിളിപ്രോത്സാഹനവും

***ഏറ്റവും സ്നേഹമുള്ള സഹോദരവൈദികരേ, പ്രിയ സമർപ്പിതരേ, വത്സല അത്മായ സഹോദരരേ,***

"എനിക്ക് ഇഷ്ടപ്പെട്ട അജപാലകരെ നിങ്ങൾക്ക് ഞാൻ നല്കും" (ജറെ. 3.15). ദൈവത്തിന്റെ ഈ വാഗ്ദാനം നമ്മുടെ ഇടയിൽ ഇന്നും സജീവമാണ്. സഭയിൽ പ്രവർത്തന നിരതമാണ്. വാഗ്ദാനം നിറവേറ്റുന്ന തമ്പുരാന് നമുക്ക് നന്ദി പറയാം.

ജനങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഓരോ പ്രധാന പുരോഹിതനും ദൈവവുമായുള്ള ബന്ധത്തിൽ മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്നു (ഹെബ്രാ.5.1). ദൈവം എപ്പോഴും വൈദികരെ വിളിക്കുന്നത് അവരെ സ്വാധീനിച്ചിട്ടുള്ള മാനുഷികവും സഭാപരവുമായ പ്രത്യേക സാഹചര്യങ്ങളിൽ നിന്നാണ്. നല്ല ഇടയനായ ക്രിസ്തുവിന്റെ സുവിശേഷ ശുശ്രൂഷയ്ക്കായ് അവർ അതേസാഹചര്യങ്ങളിലേക്ക് അയയ്ക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ രൂപതയിലെ സാഹചര്യങ്ങളിൽനിന്ന് രൂപതയ്ക്കുള്ളിൽ ശുശ്രൂഷചെയ്യുവാൻ ധാരാളം പൗരോഹിത്യ ദൈവവിളികൾ ഉണ്ടാകണം. അവരെ നല്ല ഇടയനായ ക്രിസ്തുവിന്റെ വ്യക്തിത്വത്തോട് താദാത്മ്യപ്പെടുവാൻ ഉതകുന്ന പരിശീലനവും അഭിഷിക്തരായവർക്ക് തുടർപരിശീലനവും ലഭിക്കണം. സഭയുടെ ജീവിതത്തിലും ലോകത്തിലും പൗരോഹിത്യശുശ്രൂഷയ്ക്ക് പകരം വയ്ക്കുവാൻ മറ്റൊന്നില്ല. ആയതിനാൽ രൂപതയിലെ എല്ലാവരോടും ഈയവസരത്തിൽ ദൈവവിളി പ്രോത്സാഹനത്തിനും വൈദികപരിശീലനത്തിനും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മാതാപിതാക്കൾ പൗരോഹിത്യത്തിലേയ്ക്കോ സമർപ്പിത ജീവിതത്തിലേക്കോ കർത്താവ് തങ്ങളുടെ മക്കളെ വിളിക്കുമ്പോൾ അവരെ കർത്താവിന് വിട്ടുകൊടുക്കുവാനുള്ള ഉദാരത പ്രദർശിപ്പിക്കട്ടെ. ദൈവവിളി സ്വീകരിച്ചുള്ള മക്കളുടെ യാത്രയിൽ അവർ സന്തോഷപൂർവ്വം സഹകരിക്കുകയും ചെയ്യട്ടെ. യുവജനങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശബ്ദത്തോട് വിധേയത്വം പുലർത്തുക. നിങ്ങളെ വിളിക്കുന്ന കർത്താവായ യേശുവിന് നിങ്ങളുടെ ഹൃദയം തുറന്നു കൊടുക്കുവാൻ ഭയപ്പെടരുത്.

തന്നെ അനുഗമിക്കുവാൻ അവിടുന്ന് ആവശ്യപ്പെടുമ്പോൾ കലവറ ഇല്ലാത്ത ആവേശത്തോടെ അവിടുത്തോട് പ്രത്യുത്തരിക്കുകയും ചെയ്യുക.

സമർപ്പിതദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ സാർവ ത്രിക സഭയോട് ചേർന്ന് നമ്മുടെ രൂപതയിൽ എല്ലാ വർഷവും ഫെബ്രുവരി 2-ാം തിയതി സന്യസ്തസമർപ്പിതദിനമായി ആചരി ക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഈ വർഷം സൗകര്യപ്പെടുന്ന മറ്റൊരു ദിവസം സന്യസ്തസമർപ്പിതദിനമായി ആചരിച്ച് സമർപ്പിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം.

ദൈവം സഭയോട് വാഗ്ദാനം ചെയ്യുന്നത് ഏതെങ്കിലും തരത്തിലുള്ള ഇടയന്മാരെയല്ല. പിന്നെയോ യേശുവിന്റെ "സ്വന്തം ഹൃദയാഭിലാഷപ്രകാരമുള്ള" ഇടയന്മാരെയാണ്. അപ്രകാരമുള്ള വരെ കണ്ടെത്തുവാനും അവർക്ക് ചൈതന്യവത്തായ പരിശീലനം നല്കുവാനും അഭിഷിക്തരായവർക്ക് തുടർപരിശീലനം ലഭിക്കു വാനും രൂപതയിലെ ഓരോരുത്തരുടെയും, പ്രാർത്ഥനയും പ്രോത്സാഹനവും സഹകരണവും ഏറെ വാത്സല്യത്തോടെ ഞാൻ ആവശ്യപ്പെടുകയാണ്.

വിശുദ്ധ കുർബാനയും പൗരോഹിത്യവും സ്ഥാപിച്ച ദിവസമാ ണല്ലോ പെസഹാവ്യാഴാഴ്ച. അന്നേദിവസം നമ്മുടെ രൂപതയിലെ എല്ലാ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകം നിങ്ങൾ പ്രാർത്ഥിക്കണം. ഈ വർഷം 7 പുതിയ വൈദി കരെ നമ്മുടെ രൂപതയ്ക്ക് ലഭിച്ചു. 109 പേർ മൈനർ-മേജർ സെമിനാ രികളിലും 13 പേർ റീജിയൻസി തലത്തിൽ വിവിധ സ്ഥലങ്ങളിലും നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനത്തിലൂടെ കടന്നുപോകുന്നു ണ്ട്. വൈദികപരിശീലനത്തിനുവേണ്ടി വരുന്ന തുക അതത് രൂപത യിലെ ദൈവജനം കണ്ടെത്തണമെന്ന സഭയുടെ പുതിയ ആഹ്വാന പ്രകാരം പ്രസ്തുത കാര്യത്തിന് നമ്മുടെ എല്ലാവരുടെയും പങ്കാളി ത്തം അത്യന്താപേക്ഷിതമാണെന്ന് ഓർമ്മിപ്പിക്കുന്നു. വൈദിക പരിശീലനത്തിനുവേണ്ടി ബേഴ്സുകൾ നല്കി സഹകരിച്ച് കൊണ്ടി രിക്കുന്നവരെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. സാമ്പത്തിക മായി കഴിവുള്ളവർ തുടർന്നും ബേഴ്സുകൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു. കൂടാതെ യേശു പൗരോഹിത്യം സ്ഥാപിച്ച പെസഹാവ്യാഴാഴ്ച നിങ്ങളുടെ ത്യാഗത്തിന്റെ ഭാഗമായി കുർബാന മദ്ധ്യേ ഒരു സമർപ്പണം നടത്തി സമാഹരിക്കുന്ന തുകയും

നോമ്പുകാലത്ത് നിങ്ങൾ മിച്ചം വച്ച് സമാഹരിക്കുന്ന സംഖ്യയും രൂപതയിലെ വൈദിക പരിശീലനത്തിനു വേണ്ടി വരുന്ന ചെലവി ലേക്ക് നല്കണം. ബഹു. വികാരി യച്ചന്മാർ ഈ വിവരം മുൻകൂട്ടി ഇടവകകളിൽ അറിയിച്ച് ദൈവജനത്തെ അതിനായി ഒരുക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

യേശുക്രിസ്തുവിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ വത്സലപിതാവ്

+ Pauly Kannookadan

ഇരിങ്ങാലക്കുട
08. 03. 2013

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

## പെസഹാവ്യാഴാഴ്ചയിലെ സ്തോത്രക്കാഴ്ച & നോമ്പുകാല പരിത്യാഗവിഹിതം

**പ്രിയ ബഹു. അച്ചാ,**

ദൈവവിളി പ്രോത്സാഹനത്തിനും വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുമായി നാളിതുവരെ ബഹു. അച്ചനും ഇടവകാംഗ ങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ സഹായ സഹകരണങ്ങൾ ക്കും പ്രത്യേകം നന്ദി പറയുന്നു.

മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലും പരിശീലനത്തിനത്തിലായിരിക്കുന്ന നമ്മുടെ വൈദിക വിദ്യാർത്ഥി കളുടെ താമസം, ഭക്ഷണം, പഠനം എന്നിവയ്ക്കായി വർഷംതോറും ഏകദേശം നാല്പത് ലക്ഷം രൂപ (Rs. 40,000,00/-) ചെലവ് വരും. ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തികഭാരം ലഘൂകരിക്കാൻ ദൈവ ജനത്തിന്റെ ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ടാകേണ്ടത് വളരെ ആവശ്യമായിരിക്കയാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ച്, ബലിയർപ്പിച്ച്, കൂദാശകൾ പരികർമ്മം ചെയ്ത്, ഏവരേയും വിശുദ്ധീകരിച്ച്, രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കാൻ, സഭാഗാത്രത്തെ പടുത്തുയർത്താൻ, ദൈവ ജനത്തിന്റെ ശുശ്രൂഷയ്ക്കായി വൈദികർ ഉണ്ടാകേണ്ടത് ആവശ്യമാണല്ലോ.

മഹത്തായ ഈ ലക്ഷ്യത്തോടെ, നമ്മുടെ പള്ളികളിൽ ഇടവ കാംഗങ്ങളെ മുൻകൂട്ടി ബോധവത്ക്കരിച്ച്, പൗരോഹിത്യത്തിന്റെയും

വിശുദ്ധ കുർബാനയുടെയും സ്ഥാപനദിനമായ പെസഹാവ്യാഴാഴ്ച പ്രത്യേകമായ സ്തോത്രക്കാഴ്ച എടുക്കാനാണല്ലോ അഭിവന്ദ്യ പിതാവിന്റെ വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതോ ടൊപ്പം നോമ്പുകാലത്ത് പരിത്യാഗത്തിന്റെ ഫലമായി സമാഹരി ക്കുന്ന സംഖ്യയും രൂപതയിലെ വൈദിക പരിശീലനത്തിനു വേണ്ടി നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടാതെ, വ്യക്തിഗതമായോ, മതബോധന-കുടുംബസമ്മേ ളന-സംഘടനാതലത്തിലോ മേല്പറഞ്ഞ ആവശ്യത്തിലേയ്ക്ക് 'ബേഴ്സ്' സ്ഥാപിക്കാനും (Rs.15,000/-) നിർദ്ദേശം നല്കിയാൽ വലിയ ഉപകാരമായി. ദൈവസ്നേഹത്തിനും സഭാ ശുശ്രൂഷയ്ക്കു മായി ജീവിതം സമർപ്പിച്ചിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ പരിശീലന ചെലവിലേക്ക്, ത്യാഗപൂർവ്വകവും ഔദാര്യപൂർണ്ണവുമായ സഹായസഹകരണം ഉണ്ടാകാൻ ബഹു. അച്ചൻ ദൈവജനത്തിന് പ്രചോദനം നല്കുമല്ലോ. എല്ലാ സഹായ സഹകരണങ്ങൾക്കും ഒരിക്കൽ കൂടി ഹൃദയപൂർവ്വം നന്ദി. അജപാലനശുശ്രൂഷയിൽ സർവ്വ വിജയവും ദൈവാനുഗ്രഹവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ.**

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ, സെന്റ് പോൾസ് മൈനർ സെമിനാരി

**മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ**
സിഞ്ചെല്ലൂസ് ഇൻ ചാർജ് ഓഫ് സെമിനാരിയൻസ്.

---

## വത്തിക്കാൻ കൗൺസിൽ II
## മെഗാ ക്വിസ്

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളെ അടിസ്ഥാനമാക്കി പാലാ രൂപത കത്തോലിക്കാ കോൺഗ്രസ് **'മെഗാ ക്വിസ്'** സംഘടിപ്പിക്കുന്നു. വ്യക്തിഗത തലത്തിൽ ആറ് വിഭാഗങ്ങളിലായി മത്സരം നടത്തപ്പെടുന്നു.

വിശദവിവരങ്ങൾക്ക് : ജോസഫ് പരുത്തിയിൽ : 9562923826
ജോസ് വട്ടുകുളം: 9446921795
ബേബിച്ചൻ അഴിയാത്ത്: 9744627123

# 50-ാം ലോകദൈവവിളി ദിനം

## 21 ഏപ്രിൽ 2013, ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ
## ബെനഡിക്ട് 16-ാമൻ മാർപാപ്പായുടെ സന്ദേശം

*ചിന്താവിഷയം: ദൈവവിളികൾ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ട പ്രത്യാശയുടെ അടയാളം*

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഈസ്റ്റർ കഴിഞ്ഞ് 4-ാം ഞായറാഴ്ച 2013 ഏപ്രിൽ 21-ാംതീയതി അമ്പതാം ലോകദൈവവിളി ദിനം ആചരിക്കുകയാണ്. ഈ സന്ദർഭത്തിൽ "ദൈവവിളികൾ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ട പ്രത്യാശയുടെ അടയാള"മെന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങിയതിന്റെ 50-ാം വാർഷികമായ വിശ്വാസവർഷത്തിലാണ് ഈ ദിനാചരണം. വത്തിക്കാൻ കൗൺസിൽ നടന്നുകൊണ്ടിരിക്കേ ദൈവദാസനായ പോൾ 6-ാമൻ മാർപാപ്പാ, പിതാവായ ദൈവത്തോട് ലോകവ്യാപകമായി പ്രാർത്ഥിക്കാനുള്ള ഈ ദിവസം നിശ്ചയിച്ചു. സഭയ്ക്കു തുടർന്നും വേലക്കാരെ അയച്ചുകൊണ്ടിരിക്കാൻ ദൈവത്തോടു പ്രാർത്ഥിക്കാനുള്ള ദിവസമാണിത് (cf മത്താ 9:38).

അന്ന് മാർപാപ്പാ പറഞ്ഞതുപോലെ "ആവശ്യത്തിനു വൈദികരുണ്ടായിരിക്കുകയെന്നത് എല്ലാ വിശ്വാസികളെയും നേരിട്ടു സംബന്ധിക്കുന്ന കാര്യമാണ്. ക്രൈസ്തവസമൂഹത്തിന്റെ ഭാവി അവരെ ആശ്രയിച്ചിരിക്കുന്നതു കൊണ്ടുമാത്രമല്ല, അപ്രകാരമായിരിക്കുന്നത്. പിന്നെയോ അവർ ഇടവകകളുടെയും രൂപതാസമൂഹങ്ങളുടെയും വിശ്വാസത്തിനും സ്നേഹത്തിനുമുള്ള കൃത്യവും അവശ്യാവശ്യകവുമായ സൂചനയും ക്രൈസ്തവകുടുംബങ്ങളുടെ ധാർമ്മികസുസ്ഥിതിയുടെ തെളിവും ആയിരിക്കുന്നതു കൊണ്ടുകൂടിയാണ്. പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും ധാരാളം വിളികൾ എവിടെ കാണാനുണ്ടോ അവിടെയെല്ലാമാണ് ആളുകൾ ഔദാര്യത്തോടെ വിശ്വാസത്തിൽ ജീവിക്കുന്നത്" (പോൾ 6-ാമൻ, റേഡിയോ സന്ദേശം, 11 ഏപ്രിൽ 1964). കഴിഞ്ഞ ദശകങ്ങളിൽ ലോകത്തെങ്ങുമുള്ള വിവിധ ക്രൈസ്തവ സമൂഹങ്ങൾ ഈസ്റ്റർ കഴിഞ്ഞ് 4-ാം ഞായറാഴ്ച ഒന്നിച്ചുകൂടി ദൈവവിളി ദാനത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവികവിളിയോടു പ്രത്യുത്തരിക്കുകയെന്ന അടിയന്തിരാവശ്യത്തെപ്പറ്റി ചിന്തിക്കാൻ വീണ്ടും നിർദ്ദേശിക്കുകയും ചെയ്തു. ശ്രദ്ധേയമായ ഈ വാർഷിക സംഭവം യഥാർത്ഥത്തിൽ സുശക്തമായ ഒരു സമർപ്പണത്തെ പരിപോഷിപ്പിച്ചു. പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള വിളികളുടെ പ്രാധാന്യത്തെ വിശ്വാ

സികളുടെ ആധ്യാത്മികതയുടെയും പ്രാർത്ഥനയുടെയും അജപാലനപരമായ പ്രവർത്തനത്തിന്റെയും കേന്ദ്രത്തിൽ സ്ഥാപിക്കാനുള്ള സമർപ്പണമാണത്.

ഭാവിയിൽ ഭാവാത്മകമായ എന്തെങ്കിലും സംഭവിക്കുമെന്ന പ്രതീക്ഷയാണു പ്രത്യാശ. എന്നാലും മിക്കപ്പോഴും അതൃപ്തിയാലും പരാജയങ്ങളാലും മുദ്രിതമായിരിക്കുന്ന നമ്മുടെ വർത്തമാനകാല അസ്തിത്വത്തെ അതു താങ്ങി നിറുത്തുകയും ചെയ്യണം. എന്തിലാണ് നമ്മുടെ പ്രത്യാശ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്? പഴയ നിയമത്തിൽ വിവരിച്ചിട്ടുള്ള ഇസ്രായേൽ ജനതയുടെ ചരിത്രത്തിലേക്കു നോക്കുമ്പോൾ നാം ഒരു വസ്തുത കാണുന്നു. സ്ഥിരമായി, പ്രത്യേകിച്ച്, വിപ്രവാസം പോലുള്ള പ്രത്യേക പ്രയാസമുള്ള കാലങ്ങളിൽ, പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ ആ വസ്തുത കാണാം. പ്രവാചകരോട് ദൈവം നടത്തിയ വാഗ്ദാനത്തിന്റെ സ്മരണയാണത്: അബ്രാഹത്തിന്റെ മാതൃകാപരമായ മനോഭാവത്തെ അനുകരിക്കാൻ നമ്മെ ക്ഷണിക്കുന്ന ഒരു ഓർമ്മയാണത്. വിശുദ്ധ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു: "നിന്റെ സന്തതി ഇപ്രകാരമായിരിക്കുമെന്ന് പറയപ്പെട്ടിരുന്നതനുസരിച്ച് താൻ അനേകം ജനതകളുടെ പിതാവാകുമെന്ന് പ്രതീക്ഷയ്ക്ക് സാധ്യതയില്ലാതിരുന്നിട്ടും പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു" (റോമാ 4:18). അങ്ങനെ മുഴുവൻ രക്ഷാചരിത്രത്തിൽ നിന്നും ഉദ്ഭവിക്കുന്ന ആശ്വാസകരവും പ്രകാശനപരവുമായ ഒരു സത്യമുണ്ട്. താൻ സ്ഥാപിച്ച ഉടമ്പടിയോട് ദൈവം കാണിക്കുന്ന വിശ്വസ്തതയാണത്. അവിശ്വസ്തതയും പാപവും മൂലം മനുഷ്യൻ അതു ലംഘിച്ചപ്പോഴെല്ലാം അവിടന്ന് അതു പുതുക്കി. ജലപ്രളയത്തിന്റെ കാലം മുതൽ (cf ഉത്പ 8:21-22) പുറപ്പാടിന്റെ കാലം വരെയും മരുഭൂമിയിലൂടെയുള്ള പ്രയാണത്തിന്റെ കാലത്തും അതു പുതുക്കി (cf നിയമാ 9:7).

മനുഷ്യനുമായുള്ള നവീനവും ശാശ്വതവുമായ ഉടമ്പടിക്ക് അതേ വിശ്വസ്തതയോടെ അവിടന്നു മുദ്രവച്ചു. നമ്മുടെ രക്ഷയ്ക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത തന്റെ പുത്രന്റെ രക്തംകൊണ്ടാണ് അവിടന്ന് മുദ്രവച്ചത്. ഓരോ നിമിഷത്തിലും, പ്രത്യേകിച്ച് ഏറ്റവും പ്രയാസമുള്ള നിമിഷങ്ങളിലും രക്ഷാചരിത്രത്തിന്റെ യഥാർത്ഥ ത്വരകശക്തി എപ്പോഴും കർത്താവിന്റെ വിശ്വസ്തതയായിരുന്നു. അത് മനുഷ്യരുടെ ഹൃദയങ്ങളെ ഉദ്ദീപിപ്പിച്ചു. ഒരു ദിവസം "വാഗ്ദത്തഭൂമി"യിൽ എത്തിച്ചേരാനാവുമെന്ന പ്രത്യാശയിൽ അവരെ സ്ഥിരീകരിച്ചു. ഇവിടെയാണ് ഓരോ പ്രത്യാശയുടെയും സുനിശ്ചിതമായ അടിസ്ഥാനം നം കാണുന്നത്: ദൈവം ഒരിക്കലും നമ്മെ ഉപേക്ഷിക്കുന്നില്ല. അവിടന്ന് തന്റെ വാക്കുപാലിക്കുന്നു. ഇക്കാരണത്താൽ ഭാവാത്മകമോ നിഷേധാത്മകമോ ആയ ഏതൊരു സാഹചര്യത്തിലും നമുക്ക് സ്ഥിരതയുള്ള പ്രത്യാശയെ പോഷിപ്പിക്കുകയും സങ്കീർത്തകനോടൊപ്പം ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യാം: "ദൈവത്തിൽ മാത്രമേ എന്റെ ആത്മാവിനു

വിശ്രമം കണ്ടെത്താൻ കഴിയുകയുള്ളൂ. എന്റെ പ്രത്യാശ അവിടന്നിൽനിന്നു വരുന്നു" (സങ്കീ 62:6).

അതുകൊണ്ട്, വിശ്വസ്തനും ഉടമ്പടിയിലെ വാഗ്ദാനം പാലിക്കുന്നവനുമായ ദൈവത്തിൽ ആശ്രയിക്കുന്നതിനു തുല്യമാണ് പ്രത്യാശയുണ്ടായിരിക്കുകയെന്നത്. അങ്ങനെ വിശ്വാസവും പ്രത്യാശയും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ, ബൈബിൾ സംബന്ധമായ വിശ്വാസത്തിൽ പ്രത്യാശയെന്നത് അടിസ്ഥാനപരമായ വാക്കാണ്. ചില ഭാഗങ്ങളിൽ വിശ്വാസം, പ്രത്യാശ എന്നീ വാക്കുകൾ പരസ്പരം മാറ്റി ഉപയോഗിക്കാവുന്നവയായി തോന്നുന്നു. അങ്ങനെ, ഹെബ്രായർക്കുള്ള ലേഖനം "പ്രത്യാശയുടെ സ്ഥിരതയുള്ള ഏറ്റുപറച്ചിലും" (10:23) "വിശ്വാസത്തിന്റെ പൂർണത"യും (10:22) തമ്മിൽ നേരിട്ടു ബന്ധപ്പെട്ടതായി കാണിക്കുന്നു. അതുപോലെ, "പ്രത്യാശയെക്കുറിച്ചുള്ള വിശദീകരണം (അർത്ഥവും യുക്തിയും) എപ്പോഴും നല്കാൻ ക്രൈസ്തവരെ പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ആഹ്വാനം ചെയ്യുമ്പോൾ (cf 3:15) പ്രത്യാശ വിശ്വാസത്തിനു തുല്യമാണ് (Spe Salvi, 2).

പ്രിയ സഹോദരീസഹോദരന്മാരേ, അചഞ്ചലമായ പ്രത്യാശയോടെ നാം ഒട്ടിച്ചേർന്നു നില്ക്കുന്ന ദൈവത്തിന്റെ വിശ്വസ്തത കൃത്യമായി എന്താണ്? അത് അവിടത്തെ സ്നേഹമാണ്! പിതാവ് പരിശുദ്ധാത്മാവിലൂടെ തന്റെ സ്നേഹം നമ്മുടെ ആത്മാവിന്റെ അഗാധതയിലേക്ക് ഒഴുക്കുന്നു (cf റോമാ 5:5). യേശുക്രിസ്തുവിൽ പൂർണമായി വെളിവാക്കപ്പെട്ട ഈ സ്നേഹം നമ്മുടെ അസ്തിത്വത്തിൽ വ്യാപരിക്കുകയും ഒരു പ്രത്യുത്തരം ആവശ്യപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയും തന്റെ ജീവിതംകൊണ്ട് എന്തുചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും ആ സ്നേഹം പൂർണമായി ജീവിക്കുന്നതിന് എന്തു നല്കാൻ തയ്യാറായിരിക്കുന്നുവെന്നുമാണ് പ്രത്യുത്തരിക്കേണ്ടത്.

ദൈവസ്നേഹം ചിലപ്പോൾ ഒരുവന് ഒരിക്കലും സങ്കല്പിക്കാനാവാത്ത വഴിയിലൂടെ നീങ്ങുന്നു. എന്നാലും കാണപ്പെടണമെന്ന് ആഗ്രഹിക്കുന്നവരിലേക്ക് അത് എപ്പോഴും എത്തിച്ചേരുന്നു. അപ്പോൾ സ്നേഹം ഈ തീർച്ചയോടെ പോഷിപ്പിക്കപ്പെടുന്നു: "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4:16). അഗാധവും ത്യാഗം ആവശ്യപ്പെടുന്നതും ഉപരിതലത്തിൽ നിന്നു താഴേക്ക് നന്നായി ചൂഴ്ന്നിറങ്ങുന്നതുമായ ഈ സ്നേഹം നമുക്കു ധൈര്യം തരുന്നു. നമ്മുടെ ജീവിതയാത്രയിലും നമ്മുടെ ഭാവിയിലും അതു നമുക്കു പ്രത്യാശ നല്കുന്നു; നമ്മിൽത്തന്നെയും ചരിത്രത്തിലും മറ്റുള്ളവരിലും വിശ്വസിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ഞാൻ പ്രത്യേകമായി യുവജനത്തോടു പറയാൻ ആഗ്രഹിക്കുന്നു. നിങ്ങളോട് ഒരിക്കൽക്കൂടി പറയുന്നു: ഈ സ്നേഹം ഇല്ലാ

തിരുന്നാൽ നിങ്ങളുടെ ജീവിതം എന്തായിരിക്കും? സൃഷ്ടികർമ്മത്തിന്റെ സമയം മുതൽ തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കുന്നതുവരെ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും പരിരക്ഷിക്കുന്നു. ഉത്ഥിതനായ കർത്താവിൽ നമുക്കു പ്രത്യാശയുടെ ഉറപ്പുണ്ട് (സാൻമരീനോ - മോൺടേഫെൽത്രോ രൂപതയിലെ യുവജനത്തോടു നടത്തിയ പ്രഭാഷണം, 19 ജൂൺ 2011).

ഉത്ഥിതനായ യേശു തന്റെ ഭൗമികജീവിതകാലത്തു ചെയ്തതുപോലെ ഇന്നു നമ്മുടെ ജീവിതത്തിന്റെ തെരുവുകളിലൂടെ നടക്കുന്നു. പ്രവർത്തനങ്ങളിൽ മുഴുകിക്കഴിയുന്ന നമ്മെ കാണുന്നു. നമ്മുടെ എല്ലാ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും അറിയുന്നു. നമ്മുടെ അനുദിനസാഹചര്യങ്ങളിൽ അവിടന്നു നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. തന്നോടൊപ്പം ജീവിക്കാൻ നമ്മെ വിളിക്കുന്നു. എന്തെന്നാൽ പ്രത്യാശിക്കാനുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താൻ അവിടത്തേക്കു മാത്രമേ കഴിയുകയുള്ളൂ.

അവിടന്ന് സഭയാകുന്ന തന്റെ ശിഷ്യസമൂഹത്തിൽ ഇപ്പോഴും ജീവിതം തുടരുന്നു. തന്നെ അനുഗമിക്കാൻ ഇന്നും ആളുകളെ വിളിക്കുകയും ചെയ്യുന്നു. വിളി ഏതു നിമിഷത്തിലുമുണ്ടാകാം. "വന്ന് എന്നെ അനുഗമിക്കുക" (മർക്കോ 10:21) എന്ന് ഇന്നും യേശു പറയുന്നുണ്ട്. ഈ വിളി സ്വീകരിക്കുകയെന്നതിന്റെ അർത്ഥം നമുക്ക് ഇഷ്ടപ്പെടുന്ന വിഴിയിലൂടെ നീങ്ങാതിരിക്കുകയെന്നാണ്. യേശുവിനെ അനുഗമിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ മനസ്സിനെ അവിടത്തെ മനസ്സിൽ മുക്കുകയെന്നതാണ്. യഥാർത്ഥത്തിൽ അവിടത്തേക്കു മുൻഗണന നല്കുകയെന്നതാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവിടത്തേക്ക് ഒന്നാംസ്ഥാനം നല്കുകയെന്നതാണ്. കുടുംബത്തിലും തൊഴിലിലും വ്യക്തിപരമായ താത്പര്യങ്ങളിലും നമ്മിൽത്തന്നെയും അങ്ങനെ ചെയ്യുകയെന്നതാണ്.

നമ്മുടെ ജീവിതം തന്നെ അവിടത്തെ ഏല്പിക്കുകയെന്നതാണ്, അവിടത്തോടുള്ള അഗാധമായ അടുപ്പത്തിൽ ജീവിക്കുകയെന്നതാണ്, ഇതിന്റെ അർത്ഥം. അവിടന്നിലൂടെ പരിശുദ്ധാത്മാവിൽ പിതാവുമായുള്ള സംസർഗത്തിലേക്കും അതുവഴി നമ്മുടെ സഹോദരീസഹോദരന്മാരിലേക്കും പ്രവേശിക്കുകയെന്നതാണ് ഇതിന്റെ അർത്ഥം. യേശുവുമായുള്ള ഈ ജീവിതസംസർഗം വിശേഷാനുകൂല്യമുള്ള ഒരവസ്ഥയാണ്. അതിൽ നമുക്കു പ്രത്യാശ അനുഭവിക്കാം. അവിടെ ജീവിതം പൂർണവും സ്വതന്ത്രവുമായിരിക്കും.

പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള വിളികൾ ക്രിസ്തുവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിന്റെ അനുഭവത്തിൽനിന്നും അവിടത്തെ മനസ്സിലേക്കു പ്രവേശിക്കാൻ അവിടത്തോടുള്ള ആത്മാർത്ഥവും വിശ്വസ്തവുമായ സംഭാഷണത്തിൽനിന്നും ജനിക്കുന്നതാണ്. അതുകൊണ്ട്

വിശ്വാസത്തിന്റെ അനുഭവത്തിൽ വളരുകയെന്നത് അത്യന്താപേക്ഷിതമാണ്. യേശുവുമായുള്ള അഗാധമായ ബന്ധമായിട്ടാണ് വിശ്വാസത്തെ കരുതേണ്ടത്. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ കേൾക്കപ്പെടുന്ന അവിടത്തെ ശബ്ദത്തോടുള്ള ആന്തരികമായ ശ്രദ്ധയായിട്ടാണു കരുതേണ്ടത്.

ദൈവത്തിന്റെ വിളിയോടു ഭാവാത്മകമായി പ്രത്യുത്തരിക്കാൻ നമ്മെ ശക്തരാക്കുന്ന ഈ പ്രക്രിയ ക്രൈസ്തവസമൂഹത്തിൽ സാധ്യമാണ്. തീവ്രതയോടെ വിശ്വാസം ജീവിക്കുന്ന, സുവിശേഷത്തോടുള്ള ഉറ്റബന്ധത്തിന് ഉദാരതയോടെ സാക്ഷ്യംനല്കുന്ന, ദൈവരാജ്യത്തിനുവേണ്ടി സമ്പൂർണമായ ആത്മദാനം നടത്താൻ ആളുകളെ പ്രേരിപ്പിക്കുന്ന സുശക്തമായ പ്രേഷിത ചൈതന്യമുള്ള ക്രൈസ്തവസമൂഹത്തിൽ അതു സാധ്യമാണ്. അതു കൂദാശകളുടെ, പ്രത്യേകിച്ച് ദിവ്യകാരുണ്യകൂദാശയുടെ, സ്വീകരണത്താലും തീക്ഷ്ണതയുള്ള പ്രാർത്ഥനാജീവിതത്താലും പോഷിപ്പിക്കപ്പെടുന്ന ക്രൈസ്തവസമൂഹത്തിൽ അതു സാധ്യമാണ്.

അവസാനം സൂചിപ്പിച്ച കാര്യം തികച്ചും വ്യക്തിപരമായിരിക്കണം. ആത്മാവും സജീവനായ ദൈവവും തമ്മിലുള്ള കണ്ടുമുട്ടലായിരിക്കണം. കൂടാതെ, സഭയുടെയും വിശുദ്ധരുടെയും മഹത്തായ പ്രാർത്ഥനകളാലും ലിറ്റർജിപരമായ പ്രാർത്ഥനകളാലും അതു സ്ഥിരം നയിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യണം. നാം എങ്ങനെ ശരിയായി പ്രാർത്ഥിക്കണമെന്നു ലിറ്റർജിപരമായ പ്രാർത്ഥനകളിൽ "കർത്താവ് നമ്മെ വീണ്ടും വീണ്ടും പഠിപ്പിക്കുന്നുണ്ട്" (Spe Salvi, 34). അഗാധവും സ്ഥിരവുമായ പ്രാർത്ഥന ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസവളർച്ച സാധ്യമാക്കുന്നു. ദൈവം തന്റെ ജനത്തെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള പ്രത്യേക വിളികൾ നല്കിക്കൊണ്ട് അവരെ താങ്ങി നിറുത്തുന്നുവെന്നുമുള്ള നിരന്തരവും നവീകൃതവുമായ ഉറപ്പിൽ ആ വളർച്ച സാധ്യമാക്കുന്നു. അങ്ങനെ വിളിക്കപ്പെടുന്നതു ലോകത്തിനു പ്രത്യാശയുടെ അടയാളങ്ങളായിരിക്കാൻ അവർക്കു കഴിയുന്നതിനു വേണ്ടിയാണ്.

യഥാർത്ഥത്തിൽ, ദൈവികതയോടുള്ള തുറവിയിലൂടെ മാത്രം വന്നു ചേരുന്ന സ്ഥിരപ്രത്യാശയ്ക്ക് ശുശ്രൂഷ ചെയ്തുകൊണ്ട്, സുവിശേഷത്തിനും സഭയ്ക്കും സേവനം ചെയ്തുകൊണ്ട്, ദൈവജനത്തിന് വ്യവസ്ഥാതീതമായി സ്വയം സമർപ്പിക്കാനാണ് വൈദികരും സമർപ്പിതരും വിളിക്കപ്പെടുന്നത്. അതുകൊണ്ട് വിശ്വാസസാക്ഷ്യം, അപ്പസ്തോലികതീക്ഷ്ണത എന്നിവ വഴി അവർ സുശക്തമായ ഒരാഗ്രഹം, പ്രത്യേകിച്ച്, യുവതലമുറയ്ക്കു പകർന്നു നല്കണം. തന്നോടു കൂടുതൽ അടുത്തു തന്നെ അനുഗമിക്കാൻ വിളിക്കുന്ന ക്രിസ്തുവിനോട് ഉദാരതയോടെ പെട്ടെന്നു പ്രത്യുത്തരിക്കാനുള്ള ഒരാഗ്രഹമാണ് പകർന്നു നല്കേണ്ടത്. പൗരോഹിത്യശുശ്രൂഷയ്ക്കോ സമർപ്പിതജീവിത

ത്തിനോ ഉള്ള ദൈവികവിളി ഒരു ക്രിസ്തുശിഷ്യൻ സ്വീകരിക്കുന്നിടത്ത് ക്രൈസ്തവസമൂഹത്തിന്റെ ഏറ്റവും പക്വമായ ഒരു ഫലത്തിന് നാം സാക്ഷ്യം നല്കുകയാണ്. സഭയുടെ ഭാവിയെയും സുവിശേഷവത്കരണത്തിനുള്ള സഭയുടെ സമർപ്പണത്തെയും പ്രത്യേകമായ ആത്മധൈര്യത്തോടും ശരണത്തോടും കൂടെ നോക്കാൻ അതു നമ്മെ സഹായിക്കുന്നു. സുവിശേഷം പ്രസംഗിക്കാനും കുർബാനയും അനുരഞ്ജനക്കൂദാശയും ആഘോഷിക്കാനും ഇതു നിരന്തരം പുതിയ വേലക്കാരെ ആവശ്യപ്പെടുന്നു.

അതുകൊണ്ട് "യാത്രയിലുള്ള സഹചാരിക"ളെപ്പോലെ യുവജനങ്ങളോടൊപ്പം സഞ്ചരിക്കാനറിയാവുന്ന സമർപ്പണബുദ്ധിയുള്ള വൈദികരുണ്ടാകട്ടെ. ആ വൈദികർ മിക്കപ്പോഴും അത്യന്തദ്രോഹപരവും പ്രയാസപൂർണവുമായ ജീവിതപാതയിൽ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ (cf യോഹ 14:6) തിരിച്ചറിയാൻ യുവജനത്തെ സഹായിച്ചുകൊണ്ടിരിക്കണം. ദൈവത്തെയും ക്രൈസ്തവസമൂഹത്തെയും സ്വന്തം സഹോദരീസഹോദരന്മാരെയും സേവിക്കുന്നത് എത്ര മനോഹരമാണെന്ന് സുവിശേഷാത്മകധീരതയോടെ അവരോടു പറഞ്ഞുകൊണ്ടിരിക്കുകയും വേണം. ആവേശപൂർണമായ സമർപ്പണത്തിന്റെ ഫലദായകത്വം വെളിവാക്കുന്ന വൈദികരുണ്ടായിരിക്കട്ടെ. ആ സമർപ്പണം അവരുടെ ജീവിതത്തിനു പൂർണതയുടെ അർത്ഥം നല്കും. എന്തെന്നാൽ നമ്മെ ആദ്യം സ്നേഹിച്ചവനിലുള്ള വിശ്വാസത്തിന്മേലാണ് അതു സ്ഥാപിതമായിരിക്കുന്നത് (cf 1 യോഹ 4:19).

അതുപോലെതന്നെ ഉപരിപ്ലവവും താത്കാലികവുമായ അനേകം തിരഞ്ഞെടുപ്പുകൾ അവതരിപ്പിക്കപ്പെടുന്ന യുവജനം യഥാർത്ഥത്തിൽ മൂല്യവത്തായ ഒന്നിനുവേണ്ടിയുള്ള ആഗ്രഹം പോഷിപ്പിക്കാൻ കഴിവുള്ളവരാകുമെന്നും ശ്രേഷ്ഠമായ ലക്ഷ്യങ്ങൾക്കുവേണ്ടി മൗലികതിരഞ്ഞെടുപ്പുകൾക്കായി, യേശുവിനെ അനുഗമിച്ചുകൊണ്ട് മറ്റുള്ളവർക്കു സേവനം ചെയ്യാനുള്ള ആഗ്രഹം വളർത്താൻ കഴിവുള്ളവരായിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. പ്രിയ യുവജനമേ, അവിടത്തെ അനുഗമിക്കാനും ത്യാഗവും ധീരതയും ആവശ്യപ്പെടുന്ന സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും പാതകളിലൂടെ സഞ്ചരിക്കാനും നിങ്ങൾ ഭയപ്പെടരുത്. ആ പാതയിൽ സേവനം ചെയ്യാൻ നിങ്ങൾക്കു സന്തോഷമുണ്ടാകും. നിങ്ങൾ ലോകത്തിനു നല്കാൻ കഴിയാത്ത ഒരു സന്തോഷത്തിന്റെ സാക്ഷികളാകും. നിങ്ങൾ അതിരറ്റ ശാശ്വതസ്നേഹത്തിന്റെ സജീവജ്വാലകളായിത്തീരും. "നിങ്ങളിലുള്ള പ്രത്യാശയുടെ കാരണം വിശദീകരിക്കാൻ" (1 പത്രോ 3:15) നിങ്ങൾ പഠിക്കുകയും ചെയ്യും.

**ബനഡിക്ട് പതിനാറാമൻ മാർപാപ്പാ**
വത്തിക്കാനിൽനിന്ന് 6 ഒക്ടോബർ 2012

# സർക്കുലർ

2013 ജനുവരി 7 മുതൽ 11 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 21-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കുംവേണ്ടി മേജർ ആർച്ചുബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത പുറപ്പെടുവിക്കുന്ന സർക്കുലർ

***ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സമർപ്പിതരേ, വത്സല അത്മായ സഹോദരരേ,***

സീറോ മലബാർ സഭയുടെ 21-ാമത് സിനഡിന്റെ പ്രഥമസമ്മേളനം 2013 ജനുവരി 7 മുതൽ 11 വരെ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കട്ടെ. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയത്ത് ബിഷപ്പ് ഗ്രേഷ്യൻ മുണ്ടാടൻ നയിച്ച ധ്യാനത്തിലൂടെയും വിശുദ്ധകുർബ്ബാന അർപ്പണത്തിലൂടെയും ആത്മീയമായി ഒരുങ്ങിയതിനുശേഷം സിനഡ് ഔദ്യോഗികമായി ആരംഭിച്ചു. 45 പിതാക്കന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. തക്കലരൂപതയുടെ പുതിയ അദ്ധ്യക്ഷൻ മാർ ജോർജ്ജ് രാജേന്ദ്രൻ പിതാവും പാലാ രൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവും ഈ സിനഡിൽ പുതിയ അംഗങ്ങളായിരുന്നു. കർദ്ദിനാൾ പദവി ലഭിച്ച സീറോ മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പ് മോറോൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമിസ് കാതോലിക്കാ ബാവയ്ക്ക് സിനഡ് ഹാർദ്ദമായ സ്വീകരണം നൽകി.

**വിശ്വാസ വർഷം:** നമ്മുടെ വിശ്വാസജീവിതം ആഴപ്പെടുത്താനും വിശ്വാസികളുടെ സുവിശേഷസാക്ഷ്യം ശക്തിപ്പെടുത്താനും വേണ്ടി പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുന്ന വിശ്വാസവർഷാചരണം രൂപതകൾ വിവിധ കർമ്മപരിപാടികളോടെ ഉത്സാഹപൂർവ്വം നിർവ്വഹിക്കുന്നു എന്നത് അഭിനന്ദനം അർഹിക്കുന്നു. 'നവസുവിശേഷവല്ക്കരണം വിശ്വാസകൈമാറ്റത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ സീറോമലബാർ സഭയിൽനിന്ന് ജോസഫ് കല്ലറങ്ങാട്ട് പിതാവും ഞാനും പങ്കെടുക്കുകയുണ്ടായി. ഇന്ത്യയിൽനിന്നുള്ള മെത്രാന്മാരല്ലാത്ത നാലുപ്രതിനിധികളും സീറോമലബാർ സഭയിൽ നിന്നുള്ളവരായിരുന്നു. സഭയുടെ സാർവ്വത്രികതയും സഭൈക്യമാനവും (എക്യുമെനിക്കൽ മാനം) പ്രകടമാക്കിയതായിരുന്നു ഇക്കഴിഞ്ഞ റോമൻ സിനഡ്. സുവിശേഷവല്ക്കരണത്തിനും അജപാലനശുശ്രൂഷയ്ക്കും പൗരസ്ത്യ സഭകൾക്കുള്ള അവകാശങ്ങൾ അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥന സിനഡിൽ സംബന്ധിച്ച എല്ലാ പൗരസ്ത്യപിതാക്കന്മാരും പരിശുദ്ധപിതാവിന്റെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

**ആസ്ത്രേലിയായിലെ അജപാലന സന്ദർശനം:** ആസ്ത്രേലിയായിൽ അടുത്തകാലത്ത് നടത്തിയ അജപാലന സന്ദർശനാവസരത്തിൽ സീറോമല ബാർ സഭാപാരമ്പര്യത്തിൽ ഉറച്ചുനിന്ന് വളരാൻ ആഗ്രഹിക്കുകയും പരിശ്ര മിക്കുകയും ചെയ്യുന്ന വിശ്വാസിസമൂഹങ്ങളെ കാണാൻ സാധിച്ചു. നമ്മുടെ ആളുകളുടെ കാര്യത്തിൽ വളരെ താല്പര്യവും അനുഭാവവും പുലർത്തുന്ന സമീപനമാണ് ആസ്ത്രേലിയായിലെ സഭാമേലദ്ധ്യക്ഷൻമാർ പ്രകടിപ്പിച്ചത്. ആസ്ത്രേലിയായിലെ സീറോമലബാർ സഭാവിശ്വാസികൾക്ക് ഉചിതമായ അജ പാലനശുശ്രൂഷ ലഭ്യമാക്കാൻ ഈ സാഹചര്യം സഹായകരമാണ് എന്നു കരുതുന്നു. വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ കഴി യുന്ന പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലന ശു ശ്രൂഷയ്ക്കായി ചെയ്യാൻ സാധിക്കുന്ന ക്രമീകരണങ്ങൾ ചെയ്യാൻ നാം ശ്രദ്ധിക്കുന്നുണ്ട്.

2 **ദൈവവിളിയും സെമിനാരി പരിശീലനവും:** ദൈവവിളിയെക്കുറിച്ചും സെമിനാരി പരിശീലനത്തെക്കുറിച്ചും സിനഡ് വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്തു. പൗരോഹിത്യത്തിലേക്കുള്ള വിളിയിൽ കാര്യമായ കുറവു സംഭവി ച്ചിട്ടില്ലെങ്കിലും സ്ത്രീ സന്ന്യാസ സമർപ്പിത വിളിയിൽ വലിയ കുറവ് നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം സഭ മുഴുവൻ വളരെ ഗൗരവപൂർവ്വം പരി ഗണിക്കുകയും പരിഹാരം തേടുകയും ചെയ്യേണ്ടതുണ്ട്. ഇക്കഴിഞ്ഞ ക്രിസ്തു മസ് കാലഘട്ടത്തിൽ 112 രൂപതാവൈദികരെയും 146 സന്ന്യാസവൈദിക രെയും സഭയ്ക്കു പുതുതായി ലഭിച്ചു എന്നത് വലിയൊരു ദൈവാനുഗ്രഹ മായി നാം കാണണം. ഭാവി വൈദികരുടെപരിശീലനം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ്. നമ്മുടെ സഭാ സിനഡിന്റെ കീഴിലുള്ള മൂന്നു സെമിനാരികളുടെയും മേൽനോട്ടം വഹിക്കുന്നത് സിനഡ് നിയോഗിച്ചിരി ക്കുന്ന മെത്രാന്മാരുടെ കമ്മീഷനുകളാണ്. അജപാലനശുശ്രൂഷ ഫലപ്രദവും കാര്യക്ഷമവുമാകുന്നതിന് ഭാവിവൈദികർ സഭയുടെ ആദ്ധ്യാത്മികത ആഴ ത്തിൽ ഉൾക്കൊള്ളുന്നവരും സഭയ്ക്കായി പൂർണ്ണമായി സമർപ്പിക്കുന്നവരുമാ കണം. അതിന് സഹായകരമായ പരിശീലനം വൈദിക വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ സിനഡ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. വൈദികരുടെ തുടർ പരിശീലനത്തിന്റെ പ്രാധാന്യവും ആവശ്യകതയും സിനഡ് ഊന്നിപ്പറയുകയുണ്ടായി. സ്ഥിരഡീക്കന്മാരെ നിയമിക്കാമെന്നുള്ള മുൻതീരുമാനം സിനഡ് ആവർത്തിക്കുകയും അജപാലനശുശ്രൂഷയ്ക്ക് ആവ ശ്യമെങ്കിൽ ഏതു രൂപതയ്ക്കും ആ തീരുമാനം നടപ്പിലാക്കാമെന്ന് വ്യക്തമാ ക്കുകയും ചെയ്തു.

**സമർപ്പിത സമൂഹങ്ങളുടെ ശുശ്രൂഷ:** സീറോ മലബാർ സഭയിലും വിദേ ശരാജ്യങ്ങളിലും, ലത്തീൻ രൂപതകളിലും സീറോ മലബാർ സഭാംഗങ്ങളായ

സമർപ്പിതർ വളരെ വലിയ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. ആഗോള കത്തോലിക്കാസഭയുടെ വളർച്ചയ്ക്ക് നമ്മുടെ സഭ നൽകുന്ന വിലപ്പെട്ട സംഭാവനയാണത്. ഈ സഭാ ശുശ്രൂഷ കൂടുതൽ ഫലവത്തും, സീറോ മലബാർ സഭയുടെ പൈതൃകത്തിനും ചൈതന്യത്തിനും യോജിച്ചതുമായ വിധത്തിൽ നടത്തപ്പെടുന്നത് ഉചിതമായിരിക്കുമെന്ന് സിനഡ് വിലയിരുത്തി. അതിന്റെ വെളിച്ചത്തിൽ സഭയിൽ സന്ന്യസ്തരുടെ ശുശ്രൂഷയെക്കുറിച്ച് സമർപ്പിതസമൂഹങ്ങളുടെ പ്രതിനിധികളുമായി വിശദമായ ചർച്ച സിനഡിൽ നടക്കുകയു ണ്ടായി. സമർപ്പിതസമൂഹങ്ങളുമായി കൂടതൽ ധാരണയിലും സഹകരണത്തി ലും ഭാവിയിൽ പ്രവർത്തിക്കുന്നതിന് ഈ ചർച്ച സഹായമാകും എന്ന് പ്രതീക്ഷി ക്കുന്നു.

**എ.കെ.സി.സി.:** സഭയുടെ പ്രവർത്തനങ്ങളിൽ അത്മായർക്ക് അർഹമായ സ്ഥാനം നൽകേണ്ടതിന്റേയും സഭയോട് ചേർന്നും, സഭയുടെ ചൈതന്യം ഉൾക്കൊണ്ടും അത്മായസംഘടനകൾ പ്രവർത്തിക്കേണ്ടതിന്റേയും ആവശ്യകത സിനഡ് പരിഗണിക്കുകയുണ്ടായി. അതനുസരിച്ച് എ.കെ.സി.സി. യുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും സഭയുടെ അത്മായപ്രസ്ഥാനമായി എല്ലാ രൂപതകളിലും ഇത് സജീവമാക്കാനും സിനഡ് ആഗ്രഹിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്തു.

**സത്നായിൽ ഒരു മിഷൻ സെമിനാരി:** സത്നാ രൂപതയിൽ സ്ഥാപിതമായിരിക്കുന്ന മാർ അപ്രേം സെമിനാരിയെ സിനഡിന്റെ നിയന്ത്രണത്തിലുള്ള ഒരു മിഷൻ സെമിനാരിയായി സിനഡ് അംഗീകരിച്ചിരിക്കുന്നു എന്ന കാര്യം നിങ്ങളെല്ലാവരെയും ഇതുവഴി അറിയിക്കുന്നു.

**ദു:ക്റാന ആചരണം സഭാ ആസ്ഥാനത്ത്:** നമ്മുടെ പിതാവ് മാർ തോമ്മാ ശ്ലീഹായുടെ ദു:ക്റാന ആചരണം സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ എല്ലാ രൂപതകളിലും നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ജൂലൈ മൂന്നിന് നടത്താനുള്ള തീരുമാനവും സിനഡ് എടുക്കുകയുണ്ടായി. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ആയിരത്തിതൊള്ളായിരത്തി അമ്പതാം വാർഷികം പത്തു വർഷം നീളുന്ന പരിപാടികളോടെ നടത്തുന്നതിനും സിനഡ് തത്വത്തിൽ അംഗീകാരം നൽകി. ഈ ആഘോഷത്തിന്റെ നിയതമായ കർമ്മപരിപാടികൾ അടുത്തുവരുന്ന സിനഡ് ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

**3 കോതമംഗലം രൂപതയ്ക്ക് പുതിയ ഇടയൻ:** മെത്രാന്മാരുടെ തിരഞ്ഞെടുപ്പ് സിനഡിന്റെ ഉത്തരവാദിത്വമാണല്ലോ. 75 വയസ്സ് പൂർത്തിയായ കോതമംഗലം രൂപതയുടെ അദ്ധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിലിന് പകരക്കാരനെ കണ്ടെത്തുക ആവശ്യമായിരുന്നു. ഇക്കഴിഞ്ഞ സിനഡിൽ നടന്ന ഏറ്റവും സന്തോഷകരമായ സംഭവമാണ് കോതമംഗലം രൂപതയ്ക്ക്

പുതിയ ഇടയനായി മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിലിനെ ലഭിച്ചു എന്നത്.

**ഗ്ലോബൽ മീറ്റ്:** പ്രവാസികളായിക്കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ അജപാലനം നേരിടുന്ന പ്രശ്നങ്ങളെ സിനഡ് പിതാക്കന്മാർ അവലോകനം ചെയ്തു. പ്രശ്നപരിഹാരാർത്ഥം സഭാനേതൃത്വം നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളെ പ്രവാസികളെ ധരിപ്പിക്കുന്നതിനും അവരുമായുള്ള ഊഷ്മളമായ ബന്ധം സ്ഥാപിക്കുന്നതിനുമായി വിവിധ രാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ ഒരു പ്രതിനിധി സമ്മേളനം- ഗ്ലോബൽ മീറ്റ്- ആഗസ്റ്റ് മാസം 18-ാം തിയതി കൂടുവാൻ തീരുമാനിച്ചു. ഈ സമ്മേളനത്തിൽ കഴിയുന്നത്ര പിതാക്കന്മാരും പങ്കുചേരുന്നതാണ്.

**മറ്റ് പ്രധാനകാര്യങ്ങൾ:** ഉന്നത വിദ്യാഭ്യാസ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ സമിതിയുടെ പ്രവർത്തനങ്ങളാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ട മറ്റൊരു വിഷയം. സിനഡിൽ അംഗീകരിക്കപ്പെട്ട പരിപാടികൾ നടപ്പാക്കുന്നതിന് ഉന്നതവിദ്യാഭ്യാസസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇരിങ്ങാലക്കുട രൂപതയിൽനിന്നുള്ള ഫാ. കനീസിയുസ് തെക്കേക്കര സി.എം.ഐ. യുടെ നാമകരണനടപടികൾ ആരംഭിക്കുന്നതിന് സിനഡ് അനുവാദം നൽകി. നാമകരണനടപടികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സീറോമലബാർസഭ ആസ്ഥാനത്ത് ഒരു പോസ്റ്റുലേറ്റർ ജനറലിന്റെ ഓഫീസ് ആരംഭിക്കുവാനും സിനഡ് തീരുമാനിച്ചിട്ടുണ്ട്. തൃശൂർ അതിരൂപതയിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ശ്രീ പി.റ്റി. ലാസർ, പ്രൊഫ. എലിസബത്ത് മാത്യു എന്നിവർക്ക് സഭാരത്നം ബഹുമതി നൽകുവാനും സിനഡ് തീരുമാനിച്ചു. റോമിൽ സീറോമലബാർ സഭയ്ക്കായി ആസ്ഥാന മന്ദിരം വാങ്ങുന്നതിനുള്ള പദ്ധതി സിനഡിന്റെ വിശദമായ ചർച്ചയ്ക്ക് വിധേയമായി. എല്ലാ വിശ്വാസികളുടേയും സഹായ സഹകരണങ്ങൾ ഈ പദ്ധതിയുടെ പൂർത്തീകരണത്തിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സിനഡിന്റെ  വിജയത്തിനായി പ്രാർത്ഥിച്ചവർക്കും സഹകരിച്ചവർക്കും ഞാൻ  ഹൃദയപൂർവ്വം നന്ദി പറയുന്നു. 11-ാം തീയതി വൈകുന്നേരം 6 മണിക്ക് സീറോമലബാർ സഭയുടെ 21-ാം സിനഡിന്റെ ഒന്നാം സെഷൻ ഔദ്യോഗികമായി പര്യവസാനിച്ചു. സിനഡിലൂടെ ലഭിച്ച ദൈവകൃപയ്ക്ക് നമ്മുക്കെല്ലാവർക്കും ദൈവത്തോട് നന്ദിയുള്ളവരായിരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം

**ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

NB: കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2013-ാം ആണ്ട് മാർച്ച് 1-ാം തിയ്യതി നൽകപ്പെട്ടത്.

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മേയ്ദിന സന്ദേശം - 2013

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. വിശ്വാസവർഷത്തിന്റെ ആചരണം, ലോകത്തിലെ സകല അധികാരികൾക്കും മാതൃകയായ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ സ്ഥാനത്യാഗം, സഭയ്ക്ക് പുതിയ ഉൾക്കാഴ്ചകൾ നൽകി ഇന്നിന്റെ വെല്ലുവിളികളെ അതിജീവിച്ച്, ധാർമ്മികതയെ ഉയർത്തിപ്പിടിച്ച് മുന്നോട്ടു നയിക്കുന്നതിനായി ദൈവം കനിഞ്ഞുനല്കിയ ഫ്രാൻസീസ് മാർപാപ്പായുടെ നേതൃത്വം എന്നീ മൂന്നു മഹത്തരങ്ങളായ കാര്യങ്ങളുടെ സന്തോഷത്തിലും ആത്മവിശകലനത്തിനും മധ്യേയാണ് ഇത്തവണത്തെ അന്താരാഷ്ട്ര തൊഴിലാളി ദിനം വന്നെത്തുന്നത്. മെയ്ദിനത്തിന്റെ എല്ലാവിധ ആശംസകളും ദൈവാനുഗ്രഹവും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും നേരുന്നു.
2. മനുഷ്യൻ അറിവിൽ നിറഞ്ഞ് പ്രപഞ്ചത്തെ കീഴ്പ്പെടുത്തുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് മുന്നിലുള്ളത്. പക്ഷേ എല്ലാ മേഖലകളിലും അശാന്തിയും അസ്വസ്ഥതയും പെരുകി വരുന്നു. അതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ആശ നശിച്ച രാഷ്ട്രീയ വീക്ഷണം., സ്വാർത്ഥത നിറഞ്ഞ, ധാർമ്മികതയില്ലാത്ത നേതാക്കൻമാർ, അഴിമതിയിലും അവിഹിതത്തിലും കുളിച്ചു നിൽക്കുന്ന അധികാരികളും ഉദ്യോഗസ്ഥരും, അസ്വസ്ഥത പടരുന്ന കുടുംബാന്തരീക്ഷം, സുരക്ഷിതത്വം നഷ്ടമാകുന്ന ജനത എന്നിവയെല്ലാം ഇന്നിന്റെ പ്രത്യേകതയായിരിക്കുന്നു. ഇവിടെയാണ് ക്രിസ്തു തുടങ്ങിവെച്ച സമഗ്രവിമോചനദൗത്യം അവസാനത്തെ വ്യക്തിയും മോചിതനാകുന്നതുവരെ തുടരുവാനുള്ള ഉത്തരവാദിത്വം നാമോരോരുത്തരിലേക്കും നീളുന്നുവെന്ന് വിശ്വാസവർഷം ഓർമ്മപ്പെടുത്തുന്നത്.
3. ഭൗതികലോകം പൂർണ്ണതയിലേക്ക് പ്രയാണം ചെയ്യുന്നത് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരിലൂടെയാണ്. ഇതിന് ദൈവം മനുഷ്യനു നൽകിയ കൈമുതലാണ് വേല ചെയ്യാനുള്ള കഴിവ്. നഷ്ടപ്പെട്ടുപോയ ത്രിവിധ പൊരുത്തങ്ങളായ മനുഷ്യവ്യക്തിയുടെ ആന്തരിക പൊരുത്തവും സ്ത്രീ പുരുഷ പൊരുത്തവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പൊരുത്തവും വീണ്ടെടുത്ത് ഉത്ഭവനീതി പുനഃസ്ഥാപിക്കേണ്ടത് നെറ്റിയിലെ വിയർപ്പിലൂടെയാണ് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 379).

4. വ്യക്തി ജീവിതത്തെയും സാമൂഹികജീവിതത്തെയും നവീകരിക്കുക എന്ന ലക്ഷ്യത്തോടെ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പാ വിശ്വാസവർഷം പ്രഖ്യാപിച്ചപ്പോൾ സഭയുടെ ശ്രദ്ധ പതിയേണ്ട മേഖലകൾ എടുത്തുകാട്ടുകയുണ്ടായി. ദരിദ്രർക്ക് നീതി, ഉൾഗ്രാമങ്ങളിൽ വിദ്യാഭ്യാസം, ഒറ്റപ്പെടുന്നവർക്ക് സുരക്ഷയും ചികിത്സയും, ദാരിദ്ര്യത്തിൽനിന്ന് മോചനം, പാർശ്വവത്കരിക്കപ്പെട്ടവർക്ക് പുനരധിവാസം, വികസനത്തിനുള്ള സഹായം, ജീവനോടുള്ള ആദരം എന്നിവയാണ് അവ. സൂക്ഷ്മതലത്തിൽ പരിശോധിക്കുമ്പോൾ ഇവയോരോന്നും അസംഘടിത തൊഴിലാളി വിഭാഗങ്ങൾ അതിജീവിക്കേണ്ട വൈതരണികളാണെന്ന് കാണാം. വിശ്വാസവർഷത്തിൽ പ്രവർത്തനങ്ങളുടെ ശ്രദ്ധാകേന്ദ്രം അസംഘടിതരായ ജനസമൂഹമാണെന്ന് മാർപാപ്പാ വ്യക്തമാക്കി.

5. നീതിപൂർവ്വകമായ സാമൂഹിക സാഹചര്യത്തിന്റെ പുനഃസൃഷ്ടിക്കായി വിയർപ്പു ചിന്തുമ്പോഴും, അപര്യാപ്തമായ കൂലിയും ഏറി വരുന്ന ആവശ്യങ്ങളും സാമൂഹിക സുരക്ഷാ സംവിധാനങ്ങളുടെ അഭാവവും ചൂഷണ സംവിധാനങ്ങളും തൊഴിലാളിയുടെ ജീവിതസാഹചര്യത്തെ ക്ലേശപൂർണ്ണമാക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ദൈവവും മനുഷ്യനും പ്രകൃതിയും സമഞ്ജസമായി സമ്മേളിച്ച പറുദീസ മാനവ സമൂഹത്തിന് നഷ്ടമായത്, ആസ്വാദ്യകരമായ ഭൗതികതയിലൂടെ ദൈവത്തെ കീഴ്പ്പെടുത്താമെന്ന മനുഷ്യന്റെ വ്യാമോഹം മൂലമാണ്. നീതി നിറഞ്ഞതും വിശുദ്ധവുമായ സാഹചര്യത്തിൽ പിറവിയെടുക്കാനുള്ള ദൈവികമായ മനുഷ്യാവകാശത്തെ വീണ്ടെടുക്കാനുള്ള നിക്ഷേപമാണ് ഓരോ തുള്ളി വിയർപ്പും.

6. തൊഴിലിനും ജീവിതവൃത്തിക്കുമുള്ള അവസരം അന്യായമായ വിവേചനമില്ലാതെ എല്ലാവർക്കും ലഭിക്കണം (കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം, 2433)എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. എന്നാൽ നമ്മുടെ രാജ്യത്തെ തൊണ്ണൂറിമൂന്നു ശതമാനം തൊഴിലാളികൾക്കും ഇത്തരമൊരു അവസരം ലഭിക്കുന്നില്ല. സാമൂഹിക സുരക്ഷ, തൊഴിൽപരിരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമാകാത്ത അസംഘടിത തൊഴിലാളികളാണിവർ. രാജ്യത്തിന്റെ ആഭ്യന്തരോത്പാദനത്തിന്റെ അറുപത്തഞ്ചു ശതമാനവും ഇവരുടെ സംഭാവനയാണ്. സാമ്പത്തികമേഖലയെ കാർഷികം, വ്യാവസായികം, സേവനം എന്നിങ്ങനെ മൂന്നായിട്ടാണു തരം തിരിച്ചിരിക്കുന്നത്. ഇതിൽ സേവനമേഖലയിലും വ്യാവസായിക മേഖലയിലുമാണ് സംഘടിത തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും പ്രവർത്തിച്ചുവരുന്നത്. എന്നാൽ, കാർഷിക മേഖലയിലെ തൊഴിലിന്റെ മുഖ്യപങ്കും നിർവഹിക്കുന്നത് അസംഘടിതതൊഴിലാളികളാണ്. എണ്ണത്തിൽ വളരെ കുറവാണെങ്കിലും, ഉയർന്ന വേതനവും ത്രിവിധസുരക്ഷയുമുള്ള സംഘടിതതൊഴിലാളികൾ സമ്പന്നരും

ഇടത്തരക്കാരുമായി മാറുമ്പോൾ മഹാഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾ ദരിദ്രവിഭാഗമായി പാർശ്വവത്കരിക്കപ്പെട്ടുപോകുന്നു. സ്ഥിരമായ ജോലിയുടെ അഭാവം, കുറഞ്ഞ കൂലി, മോശമായ തൊഴിൽ സാഹചര്യം, ആരോഗ്യ പ്രശ്നങ്ങൾ, പാർപ്പിട പ്രശ്നങ്ങൾ, വിദ്യാഭ്യാസത്തിന്റെ അഭാവം, വികലമായ സർക്കാർ നയങ്ങൾ എന്നിവ ഇവരെ കൂടുതൽ കൂടുതൽ പിന്നിലേക്ക് തള്ളിമാറ്റുന്നതിന് കാരണമാകുന്നു. തുല്യജോലിക്ക് തുല്യവേതനവും മിനിമം കൂലിയും ഉൾപ്പെടെ ഒട്ടേറെ തൊഴിൽ നിയമങ്ങൾ നിലനിൽക്കുന്നിടത്താണ് ഇത് നടക്കുന്നത് എന്നത് നാം കാണേണ്ടതുണ്ട്. അസംഘടിത മേഖലയ്ക്കായി ദേശീയ-സംസ്ഥാന സർക്കാരുകൾ നീക്കിവെയ്ക്കുന്ന ബജറ്റ് തുകകൾ പരിശോധിച്ചാൽ ഈ വിവേചനത്തിന്റെ ആഴം നമുക്ക് മനസ്സിലാകും.

7. ഇക്കഴിഞ്ഞദിനങ്ങളിൽ പാർലമെന്റിൽ അവതരിപ്പിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തികവർഷത്തെ രാജ്യത്തിന്റെ വളർച്ചാനിരക്കു കേവലം അഞ്ചു ശതമാനം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. രാജ്യത്തെ ബഹുഭൂരിപക്ഷം പേരും ഉപജീവനത്തിനായി ആശ്രയിക്കുന്ന കാർഷിക മേഖലയിലെ വളർച്ച വെറും 1.8 ശതമാനം മാത്രമാണ്. കാർഷികരംഗത്ത് കേരളത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. നടപ്പുവർഷത്തെ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നത് മൈനസ് 0.7 ശതമാനമാണെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. എന്നാൽ, സ്വത്തിന്റെ കേന്ദ്രീകരണവും വരുമാനത്തിലുള്ള അന്തരവും വർദ്ധിച്ചുവരികയാണെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്. പുത്തൻ സാമ്പത്തികനയങ്ങളും കമ്പോളസാഹചര്യങ്ങളും സംഘടിതതൊഴിൽ മേഖലയെ തകർക്കുന്നതും അസംഘടിതതൊഴിൽ മേഖലയെ ദുരിതപൂർണ്ണമാക്കുന്നവയുമാണ്. സംഘടിതമേഖലയിലെ കരാർനിയമനം, ദിവസവേതന നിയമനം, സുസ്ഥിര പെൻഷൻ പദ്ധതിയിൽ നിന്നുള്ള പിൻമാറ്റം, പ്രൊവിഡന്റ് ഫണ്ടിന്റെ നിറുത്തലാക്കൽ, ഗ്രാറ്റുവിറ്റി എടുത്തുകളയൽ തുടങ്ങിയവ ഈ മേഖലയിലെ തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും തകരാൻ കാരണമായേക്കാം. അനിയന്ത്രിതമായ വിലക്കയറ്റം, പൊതുവിതരണ രംഗത്തിന്റെ തകർച്ച, ക്ഷേമനിധികളുടെയും ബോർഡുകളുടേയും കെടുകാര്യസ്ഥത, പെൻഷൻ വിതരണത്തിലെ മരവിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ അസംഘടിതതൊഴിലാളികളെ വീർപ്പുമുട്ടിക്കുന്നു. അസംഘടിതതൊഴിലാളികളുടെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും വേണ്ടി 2008-ൽ കേന്ദ്രസർക്കാർ രൂപം നൽകിയ അസംഘടിതതൊഴിലാളി സാമൂഹികസുരക്ഷാനിയമം ഫലപ്രദമായി നടപ്പിലാക്കാനോ, ബജററിൽ ആവശ്യമായ തുക നീക്കിവെക്കാനോ വേണ്ട സംവിധാനങ്ങൾ ഒരുക്കാനോ ഇന്നും കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല.

8. കേരളത്തിലും അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായിട്ടാണു കാണുന്നത്. എറണാകുളം ജില്ലയിലെ തൊഴിലാളി കളിൽ 89 ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നാണ് കേരള ലേബർ മൂവ്മെന്റ് ഈയിടെ നടത്തിയ പഠനത്തിൽനിന്നും വെളിവാകുന്നത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനിടയിലാണു ഈ വലിയ വർദ്ധന ഉണ്ടായിട്ടുള്ളത്. രാജ്യത്തിനു തന്നെ അനുകരണീയമായ രീതിയിൽ അസംഘടിത തൊഴിലാളികൾക്കായി മുപ്പതോളം ക്ഷേമനിധി കൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ, ഇവയിൽ ഭൂരിപക്ഷം ക്ഷേമനിധികളുടെയും ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ലെന്നു വിലയിരുത്തേണ്ടി വന്നിരിക്കുകയാണ്. ഒരു ക്ഷേമ നിധിക്കും തന്നെ ആവശ്യമായ ജീവനക്കാരോ സംവിധാനങ്ങളോ ഇല്ല. പലതിനും ഭരണനിർവഹണം നടത്തുന്നതിനുള്ള ബോർഡ്പോലും ഇല്ല. ക്ഷേമനിധികൾക്കുള്ള ബജററ് വിഹിതം കുറവാണെന്നു മാത്രമല്ല, അനുവദിക്കപ്പെട്ടിട്ടുള്ളതുപോലും വേണ്ടസമയത്ത് നൽകപ്പെടുന്നില്ല. ആയതിനാൽ തൊഴിലാളികൾക്കു അർഹമായ ആനുകൂല്യങ്ങൾ ലഭിക്കു ന്നില്ല. പെൻഷൻ ലഭിക്കാൻ അപേക്ഷിച്ചിട്ടു വർഷങ്ങളായി കാത്തിരിക്കു ന്നവരുണ്ട്. ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ടവർ വേണ്ട ഗൗരവം കാണിച്ചു സമയബന്ധിതമായി പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. കാർഷിക കടാശ്വാസപദ്ധതികൾ പോലെയുള്ള അസംഘടിതവിഭാഗങ്ങൾക്കുള്ള സാമൂഹിക ക്ഷേമപദ്ധതികളിലുള്ള അഴിമതിക്ക് തടയിടേണ്ടിയിരിക്കുന്നു.

9. സാമ്പത്തിക പ്രവർത്തനത്തിലും വ്യവസ്ഥിതിയിലും വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെയും സ്വകാര്യസ്വത്തിന്റെയും സുനിശ്ചിതത്വവും ഉറ പ്പുമുള്ള നാണ്യവ്യവസ്ഥയും കാര്യക്ഷമമായ പൊതുസേവനങ്ങളും മുൻവ്യവസ്ഥ എന്ന നിലയിൽ ഉണ്ടായിരിക്കണം. (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 2431). കാരണം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവന്റെ അവകാശമാണ് രാഷ്ട്രത്തിൽ നിന്നും ലഭ്യ മാകേണ്ട പരിരക്ഷ. അതിനാൽ സാമൂഹികക്ഷേമരംഗങ്ങളിൽ നിന്നുള്ള സർക്കാരിന്റെ പിന്മാറ്റം ദരിദ്രരുടെ ജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണ മാക്കുകയാണ്. സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതും ഇല്ലാതാക്കുന്ന തും പൊതുഗതാഗതം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യപദ്ധ തികൾ, പൊതുവിതരണം മുതലായവയിൽ നിന്നുള്ള സർക്കാരിന്റെ പിൻമാററവും പരിഗണനക്കുറവും താറുമാറാക്കുന്നത് അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെയാണ്. അതിനാൽ ജനകീയ സർക്കാ രിന്റെ മുഖ്യശ്രദ്ധവികസനത്തിന്റെ ഫലങ്ങൾ എല്ലാ പൗരന്മാർക്കും നീതിപൂർവ്വകമായി ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കലാണ്. ഇതിന് കോട്ടം തട്ടിയാൽ, തങ്ങളുടെ പ്രവാചക ശബ്ദത്താൽ അധികാരികളുടെ ശ്രദ്ധ ദരിദ്രരിലേക്ക് തിരിക്കാൻ ക്രൈസ്തവസമൂഹത്തിനു കഴിയേണ്ടതുണ്ട്.

സ്ഥലത്തിനും കാലത്തിനുമനുസരിച്ച് നീതിയുടെ പുനഃസ്ഥാപനത്തിനായി പരിശ്രമിക്കുന്നതാണ് യഥാർത്ഥ വിശ്വാസജീവിതം. സഭ എക്കാലത്തും സ്ഥലകാലങ്ങളോട് നീതി പുലർത്തിക്കൊണ്ടാണ് പാർശ്വവത്കരിക്കപ്പെട്ടവന്റെയും ദരിദ്രന്റെയും പക്ഷം ചേർന്നിട്ടുള്ളത് (സഭ ആധുനിക ലോകത്തിൽ, 1).

10. 1769–ൽ ജയിംസ്‌വാട്ട് ആവിയന്ത്രം കണ്ടുപിടിക്കുന്നതുവരെ മനുഷ്യകരങ്ങളായിരുന്നു അധ്വാനത്തിനുള്ള പ്രധാന ഉപാധി. തീയും കാറ്റും വെള്ളവും മനുഷ്യന്റെ പിടിയിൽ ഒതുങ്ങിയതോടെ അധ്വാനത്തിന്റെ രീതിമാറി. വ്യവസായവിപ്ലവത്തിന്റെ ഫലമായി അനേകം വ്യവസായങ്ങളും തൊഴിൽ സാധ്യതകളും രൂപംകൊള്ളുകയുണ്ടായി. പക്ഷേ വ്യവസായ ഉടമകളുടെ അതിരറ്റ ലാഭക്കൊതി മൂലം, സമൂഹത്തിലെ ഏററവും തകർക്കപ്പെട്ട വിഭാഗമായി തൊഴിലാളികൾ മാററപ്പെട്ടു. 'റേരും നൊവാരും' എന്ന ചാക്രികലേഖനത്തിലൂടെ തിരുസ്സഭ തൊഴിലാളികൾക്കൊപ്പമുള്ള നിലപാടു പരസ്യമായി പ്രഖ്യാപിച്ചു. പരിശീലനത്തിനു വരുന്ന തൊഴിലാളിയെ പുത്രനെപ്പോലെ കരുതാമെന്ന് ബൈബിൾ തൊട്ട് സത്യം ചെയ്തു പരിശീലിപ്പിച്ചിരുന്ന മദ്ധ്യകാലഘട്ടത്തിലുണ്ടായിരുന്ന യൂറോപ്പിലെ ലേബർ ഗിൽഡുകളുടെ പാരമ്പര്യം തിരുസ്സഭ തുടരുകയാണു ചെയ്തത്. 1891–ൽ ലിയോ പതിമൂന്നാം പാപ്പാ പ്രഖ്യാപിച്ച തിരുസ്സഭയുടെ തൊഴിലാളിസമൂഹത്തോടുള്ള നിലപാടുകൾ രണ്ടാം വത്തിക്കാൻസുനഹദോസ് അടിവരയിട്ടുറപ്പിച്ചപ്പോൾ, തൊഴിൽ മനുഷ്യനു വേണ്ടിയാണ്, മനുഷ്യൻ തൊഴിലിനു വേണ്ടിയല്ല എന്ന തിരുസഭയുടെ ശബ്ദം ആധുനികലോകത്തിൽ മാറ്റൊലിക്കൊണ്ടു.

11. 1935–ൽ മധുരയിലെ കാരിമേട് എന്ന സ്ഥലത്ത് നെയ്ത്തു തൊഴിലാളികളെ സംഘടിപ്പിച്ച മിഷനറി വൈദികനും ഈശോസഭാംഗവുമായ ഫാ. ഗാലിയോ ഭാരതത്തിൽ തൊഴിലാളി സംഘാടനത്തിന് തുടക്കമിട്ടു. 1940 കളുടെ അവസാനത്തിൽ ആലുവ വ്യവസായമേഖലയിലെ ആദ്യകാല രജിസ്ട്രേഡ് ട്രേഡ് യൂണിയനുകളിലൊന്നിനു നേതൃത്വം നൽകിയതു ഫാ. ജെറോം പയ്യപ്പിള്ളി ഒ. സി. ഡി. യായിരുന്നു. എന്നാൽ, അതിനു മുമ്പുതന്നെ കൊച്ചി കേന്ദ്രമാക്കി ആദ്യമായി തൊഴിലാളികളെ സംഘടിപ്പിക്കാൻ ആരംഭിച്ചത് ഫാ. ബെനവെഞ്ചർ ഒ.സി.ഡി. യായിരുന്നു. കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ആദ്യ തൊഴിലാളി സംഘാടകനായി ഇദ്ദേഹത്തെ വിശേഷിപ്പിക്കാം. 1957–ൽ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ-പുതുക്കാട് പ്രദേശങ്ങളിലെ ഓട്ടുകമ്പനി തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടു ഫാ. ജനേസിയൂസ് സി.എം.ഐ, തൊഴിലാളി മേഖലയിൽ ഇടപെടുകയും കാത്തലിക് ലേബർ അസ്സോസിയേഷൻ എന്ന കത്തോലിക്കാ തൊഴിലാളി പ്രസ്ഥാനത്തിനു പ്രാരംഭം കുറിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായിട്ടാണു കെ.എൽ.എം. രൂപം കൊ

ണ്ടത്. ഇന്നും ഏററവും കൂടുതൽ അവഗണി ക്കപ്പെട്ടു കൊണ്ടിരിക്കുന്ന മൽസ്യത്തൊഴിലാളികളുടെ സംഘാടനത്തിനായി 1970-കളിലും തുടർന്നും നേതൃത്വം വഹിച്ച വൈദികരുടെ സേവനം അവിസ്മരണീയമാണ്.

12. ഇന്നും പല മേഖലകളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികൾ കൊടിയ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യം നിലവിലുണ്ട്. സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെയും ജീവനക്കാരുടെയും കാര്യം മുൻവർഷം പ്രതിപാദിച്ചതാണ്. തത്തുല്യ ഗൗരവം ഉള്ള ഒരു മേഖലയാണ് കേരളത്തിലെ അൺഎയ്ഡഡ് സ്വാശ്രയവിദ്യാഭ്യാസ രംഗം. ഈ രംഗം ചെയ്യുന്ന സേവനം ഒട്ടും കുറച്ചുകാണുന്നില്ല. പക്ഷേ, ഇവയിൽ ഒട്ടേറെ സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ വേതനത്തിന്റെ കാര്യത്തിലും തൊഴിൽ സുരക്ഷയുടെയും സാമൂഹികസുരക്ഷയുടെയും കാര്യത്തിലും തൊഴിൽ സാഹചര്യത്തിന്റെയും വിശ്രമത്തിന്റെയും കാര്യത്തിലും നീതിപൂർവ്വം പ്രവർത്തിക്കുന്നുണ്ടോ എന്നും ആത്മശോധന ചെയ്യണം. രാജ്യത്തിൽ നിലവിലുള്ള നിയമസംവിധാനങ്ങൾക്കനുസരിച്ചു സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ മാനേജ്മെന്റുകൾ ശ്രദ്ധിക്കണം.

13. തൊഴിൽബന്ധങ്ങളിൽ നീതി നടപ്പാക്കുന്നതിനുള്ള ഏററവും പ്രധാനപ്പെട്ട മാർഗമാണു പ്രതിഫലം നൽകൽ. നീതിപൂർവകമായ കൂലി, തൊഴിലിന്റെ നിയമാനുസൃതമായ ഫലമാണ്. നീതിപൂർവകമായ കൂലി കൊടുക്കാതിരിക്കുകയോ തക്ക സമയത്തും ചെയ്യപ്പെട്ട ജോലിക്കു ആനുപാതികമായും കൂലി കൊടുക്കാതിരിക്കുകയോ ചെയ്യുന്നവർ അനീതി ചെയ്യുന്നു.... കൂലിയുടെ തുകയെ സംബന്ധിച്ചു തൊഴിലാളിയും തൊഴിൽദായകനും തമ്മിൽ നടത്തുന്ന ലളിതമായ ഉഭയസമ്മതം മാത്രം മതിയാവുകയില്ല, സമ്മതിപ്പിക്കപ്പെട്ട ശമ്പളത്തെ നീതിപൂർവകമായ കൂലിയെന്നു വിശേഷിപ്പിക്കാൻ. കാരണം, നീതിപൂർവകമായ കൂലി, തൊഴിലാളിയുടെ ജീവസന്ധാരണത്തിന്റെ തലത്തിൽനിന്നും താണതായിരിക്കരുത്, (സഭയുടെ സാമൂഹിക പ്രബോധനം, 302). ഇതോടൊപ്പം തൊഴിലാളികളോടും ജീവനക്കാരോടുമുള്ള അധികാരികളുടെ പെരുമാറ്റവും മനുഷ്യത്വപൂർണ്ണമായിരിക്കണം.

14. ഇത്തരമൊരു സാമൂഹിക സാഹചര്യത്തിലാണ് കെസിബിസി ലേബർ കമ്മീഷനും അതിന്റെ ഔദ്യോഗിക സംവിധാനമായ കേരള ലേബർ മൂവ്മെന്റും പ്രസക്തമാകുന്നത്. കേരളത്തിലെ എല്ലാ വിഭാഗം അസംഘടിത തൊഴിലാളികളുടെയും ശക്തീകരണത്തിനായി പ്രവർത്തിക്കുന്ന സർക്കാരിതര സാമൂഹിക സന്നദ്ധസംഘടനയാണു കെ.എൽ.എം. അസംഘടിത തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കി, തൊഴിലാളി നേതൃത്വം വളർത്തിയെടുത്ത്, പ്രതിജ്ഞാബദ്ധതയും നീതി

ബോധവുമുള്ള തൊഴിലാളികളെ രൂപപ്പെടുത്തുകയാണ് കെ.എൽ.എം. ചെയ്യുന്നത്. വിവിധ വിഭാഗം തൊഴിലാളികൾക്കായി തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം.ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. സർക്കാരിന്റെ ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, മെഡിക്ലെയിം, തൊഴിലവസരങ്ങൾ പരിചയപ്പെടുത്തൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. സഭാശുശ്രൂഷികൾക്കും ജീവനക്കാർക്കുമുള്ള പെൻഷൻ പദ്ധതി (സുരക്ഷ) നടപ്പാക്കൽ തുടങ്ങിയ കെസിബിസി ചുമതലപ്പെടുത്തിയ പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്ത് ചെയ്തുവരുന്നു. പൊതുസമൂഹത്തിന് എന്നും ഏതു രംഗത്തും മാതൃകയായിട്ടുള്ള കത്തോലിക്കാസഭ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും പരിശീലനത്തിനും നീതിയുടെ ലഭ്യതക്കും വേണ്ടി നിലകൊള്ളുന്നു.

15. കെ.എൽ.എം.ന്റെയും വിവിധ തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടവക കളിലേക്കും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. സഭാശുശ്രൂഷികൾക്കും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സുരക്ഷയുടെ പ്രവർത്തനവും എല്ലാ രൂപതകളിലേക്കും വ്യാപിപ്പിക്കാനും അർഹരായ എല്ലാവരെയും ഉൾപ്പെടുത്തി ഫലപ്രദമായി നടപ്പിലാക്കാനും ശ്രദ്ധിക്കുക പ്രധാനപ്പെട്ട കാര്യമായി പരിഗണിക്കണം. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനം കൂടിയായ മെയ് ഒന്ന് എല്ലാ ഇടവകകളിലും പ്രത്യേകം ആചരിക്കണം. തൊഴിലാളികൾക്കായി ദിവ്യബലി, സെമിനാറുകൾ എന്നിവ നടത്തുന്നതു ഉചിതമാണ്. ഈ ദിനത്തിൽ തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതും നല്ലതാണ്.

16. അന്തിമ വിധിയുടെ മാനദണ്ഡം അയൽക്കാരനോടുള്ള സമീപനമാണ് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 682; മത്ത. 25: 40) സഹോദരനോട് കരുണ കാട്ടുന്നവനാണ് നല്ല അയൽക്കാരനെന്ന വചനവും നമുക്കോർക്കാം (ലൂക്ക 10 : 36).

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടാകട്ടെ.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

NB: ഈ സർക്കുലർ ഏപ്രിൽ 28-ാം തീയതി എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.




**1 ദുർബലർക്കും പരിസ്ഥിതിക്കുംവേണ്ടി മാർപാപ്പ**

സമൂഹത്തിലെ ദുർബലരെയും പരിത്യക്തരെയും പ്രത്യേകവിധത്തിൽ പരിഗണിക്കാനും പരിസ്ഥിതി സംരക്ഷിക്കാനും മാർ ഫ്രാൻസിസ് പാപ്പ ഏവരെയും ആഹ്വാനം ചെയ്തു. വി. പത്രോസിന്റെ സിംഹാസനത്തിൽ 266-ാമത്തെ മാർപാപ്പയായി സ്ഥാനാരോഹണം ചെയ്ത അദ്ദേഹം വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വി. കുർബാനയർപ്പിച്ച് സംസാരിക്കുകയായിരുന്നു. വിദ്വേഷവും അസൂയയും അഹങ്കാരവും നമ്മുടെ ജീവിതത്തെ കളങ്കപ്പെടുത്തുവാൻ അനുവദിക്കരുതെന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചു. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിൽ അധികാരവും ഉത്തരവാദിത്വവും കൈക്കൊള്ളുന്നവർ നാശത്തിന്റെ പാത ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ജനങ്ങളെയും പ്രപഞ്ചത്തെയും സംരക്ഷിക്കുകയും എല്ലാവരോടും പ്രത്യേകിച്ച് കുട്ടികൾ, വയോജനങ്ങൾ, ആവശ്യക്കാർ, അവഗണിക്കപ്പെടുന്നവർ എന്നിവരെ പ്രത്യേകമായി പരിഗണിക്കുകയും വേണം.

**2 പാത്രിയാർക്കീസ് സാക്കോ-പ്രവാചകശബ്ദം**

ഇറാക്കിലെ ക്രൈസ്തവർ ഇനി ഭീതിയോടെ കഴിയേണ്ടവരല്ല, സഭയുടെ കെട്ടുറപ്പിനും സ്ഥിരതയ്ക്കുംവേണ്ടി എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് ഇറാക്കിലെ കൽദായസഭയുടെ പുതിയ മേലധ്യക്ഷൻ പാത്രിയാർക്കീസ് റാഫേൽ സാക്കോ തന്റെ സ്ഥാനാരോഹണ ചടങ്ങിൽ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

**3 ദൈവവചനം - പാതകളിൽ പ്രകാശം**

ദൈവവചനത്തോടുള്ള ആഭിമുഖ്യവും വചനവെളിച്ചത്തിലുള്ള ജീവിതവും കരുപ്പിടിപ്പിക്കാൻ വചനപഠനക്ലാസ്സുകൾ സഹായകമാണെന്ന് കോട്ടയം ആർച്ചുബിഷപ്പും പൗരസ്ത്യ വിദ്യാപീഠം വൈസ് ചാൻസലറുമായ മാർ മാത്യു മൂലക്കാട്ട് ചൂണ്ടിക്കാണിച്ചു. വചനപഠനം ജീവിതത്തിന്റെ ദിശാബോധം നിർണ്ണയിക്കുന്ന മൗലികശക്തിയാണ് എന്നും അദ്ദേഹം അനുസ്മരിപ്പിച്ചു.

**4 സുപ്രീംകോടതി വിധി സ്വാഗതാർഹം**

ഭ്രൂണഹത്യയും ലിംഗനിർണ്ണയവും കടുത്ത മനുഷ്യാവകാശലം

ഘനമാണെന്ന സുപ്രീംകോടതി വിധി സ്വാഗതാർഹമാണെന്ന് കെ.സി.ബി.സി. പ്രോ-ലൈഫ് സമിതി. സംസ്ഥാനത്ത് ഉൾപ്പെടെ ഭ്രൂണഹത്യാനിരക്ക് വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ അതിന്റെ അപകടവും അധാർമ്മികതയും വ്യക്തമാക്കുന്ന കോടതിയുടെ നിലപാട് പ്രസക്തവും ശ്രദ്ധേയവുമാണ്. കഴിഞ്ഞവർഷം രാജ്യ ത്താകെ 25 ലക്ഷത്തിലധികം ഭ്രൂണഹത്യകൾ നടന്നുവെന്ന് സർക്കാർ രേഖകൾ തന്നെ വ്യക്തമാക്കുന്നുണ്ട്.

5 **കത്തോലിക്കാ അല്മായ അസംബ്ലി**

കെ.സി.ബി.സി. അല്മായ കമ്മീഷന്റെയും ഓൾ ഇൻഡ്യ കാത്ത ലിക് യൂണിയന്റെയും കേരള കാത്തലിക് ഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ കേരള അല്മായ അസംബ്ലി 2013 ഏപ്രിൽ 11 മുതൽ 13 വരെ കൊച്ചി കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. കത്തോലിക്കാസഭയിലെ വിശ്വാസവർഷാചര ണത്തിന്റെ ഭാഗമായി നടത്തുന്ന അസംബ്ലിയുടെ മുഖ്യ ചർച്ചാ വിഷയം "സമൂഹനിർമ്മിതിയിൽ ക്രൈസ്തവ പങ്കാളിത്തം, ചരിത്രവും വർത്തമാനവും" എന്നതായിരിക്കും.

**റവ. ഡോ. ആന്റണി മഞ്ഞളി**

---

## KRAMTH

Theology Classes for Laity, Leaders Training Programme-ന്റെ രണ്ടാം ബാച്ച് 16.03.2013 ഉച്ചയ്ക്ക് 2.30ന് കല്ലേറ്റുംകര പാക്സിൽവച്ച് ആരംഭിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാട നകർമ്മം KRAMTH ന്റെ പ്രസിഡന്റ് റവ. ഡോ. ജോസ് ഇരി മ്പൻ നിർവ്വഹിച്ചു. എക്സി. ഡയറക്ടർ റവ. ഫാ. ഡേവിസ് ചെങ്ങിനിയാടൻ സ്വാഗതവും, അസി. ഡയറക്ടർ റവ. ഫാ. ആന്റോ കരിപ്പായി നന്ദിയും പറഞ്ഞു. എക്സ. മെമ്പേഴ്സ് ആയ റവ. സി. ഡോ. വിമല, പ്രൊഫ. മേരിക്കുട്ടി ഫ്രാൻസിസ് എന്നി വർ സന്നിഹിതരായിരുന്നു. രണ്ടാം ബാച്ചിന്റെ പ്രഥമ ക്ലാസ്സിന് നേതൃത്വം നൽകിയത് റവ. ഡോ. പോളി പടയാട്ടി ആയിരുന്നു.

KRAMTH-ന്റെ ലക്ഷ്യം അത്മായരെ സഭയുടെ പ്രവർത്തന ങ്ങളിൽ പങ്കുകൊള്ളിക്കുകയും, സഭയോടു ചേർന്നുനിന്ന് പ്രവർത്തിക്കുന്നതിന് അത്മായരെ രൂപപ്പെടുത്തുകയുമാണെന്ന് ജോസച്ചൻ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

**ഫാ. ആന്റോ കരിപ്പായി**
അസി. ഡയറക്ടർ



Bless A Home

# ബ്ലസ്സ് എ ഹോം

*ഒരു വീടിനെ അനുഗ്രഹിക്കൂ...*

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽനിന്നു 740 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി എൺപത്തൊന്നു ലക്ഷം (1,81,00,000) രൂപ നൽകിയിട്ടുണ്ട്.

## Benefactors' Day 2013 April 27, 3.00 pm

ബ്ലസ് എ ഹോം പദ്ധതി 3-ാം വയസ്സിലേക്ക് കടന്ന സാഹചര്യത്തിൽ ഈ പദ്ധതിക്ക് നല്ല മനസ്സ് കാണിക്കുന്ന ഗുണകാംക്ഷികളുടെ കുടുംബസംഗമം 2013 ഏപ്രിൽ 27 ശനിയാഴ്ച വൈകീട്ട് 3 മണിക്ക് ബിഷപ്സ് ഹൗസിൽ സംഘടിപ്പിക്കുന്നു. ബ്ലസ് എ ഹോമിന് സഹായം നൽകുന്ന എല്ലാ ബെനഫാക്റ്റേഴ്സിനെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കണേ.

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| I | Jaison Jose Kudilinkal, Kumbidi | 5000 |
| 2 | Vicar & Parishioners, of Little Flower Church, Vellarampadam | 6,600 |
| 3 | Joy P.V. Puthenveettil, Alamattam | 5,000 |
| 4 | Rev. Fr. Rocky Vazhappilly | 35,000 |
| 5 | Principal, Mercy College, Palakad | 5,000 |
| 6 | Mr. Sunil Cheradai, Pullur | 5,000 |
| 7 | Mr. Jimmy Mavely, Irinjalakuda | 25,000 |
| 8 | Rosamma Joseph USA | 5,400 |
| 9 | Mr. Davis Manjaly, Anna Maria Travels, Kochi | 12,000 |
| 10 | Pressudentimar Infant Jesus Church, Puthenveli | 5,000 |
| 11 | Jaison K.A., Kannookadan, Kallettumkara | 10,000 |
| 12 | Vinu Vincent Alukkal, Irinjalakuda | 12,000 |
| 13 | Panthallookaran Lonappan Sons, Kodakara | 10,000 |
| 14 | Vicar & Parishioners of L.F. Church, Potta Sponsor Coupon | 32,300 |
| 15 | C.J. Jimmy, Chennai | 10,000 |
| 16 | Students of Little Flower Convent High School, IJK. | 10,000 |
| 17 | Catechism Students Std VII, St. Joseph's Church, Maramcode | 1,000 |
| 18 | Catechism Students Std X, St. Joseph's Church, Maramcode | 7,500 |
| 19 | Catechism Students Std XI, St. Joseph's Church, Maramcode | 5,650 |

| | | |
|---|---|---|
| 20 | Tessy Benny, Joy Alukkas, Dubai C/o. Simon K.J., Kattoor | 40,000 |
| 21 | Sebastian J. Kalathingal, Kodunga | 12,000 |
| 22 | K.V. Johnson Kalapurackal, Mala Pallipuram | 12,000 |
| 23 | Catholic Syrian Bank, Ashtamichira Box Collection | 1,100 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

---

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ**

**Birth Days**

April 1. Rev Fr. Joji Kallingal
Rev. Fr. Thomas D. Maliekal
Rev. Fr. Jino Malakaran
April 2. Rev. Fr. Pauly Pudussery
April 5. Rev. Fr. Davis Kalapurackal
Rev. Fr. Jaison Karippai
April 7. Rev. Fr. John Thekkethala
April 8. Rev. Fr. Antony Mukkattukarakaran
April 9. Rev. Fr. George Palamattom
April 11.Rev. Fr. Antony Chittilappilly
April 16.Rev. Fr. Jijo Chakkiath
April 22. Rev. Fr. Siby Kottackal
April 24.Rev. Fr. Wilson Erathara
April 27.Rev. Fr. Seby Kanjilassery
April 29.Rev. Fr. Seejo Irimpan

**Feast Days**

April 23
Rev. Fr. Lijo Karuthy

April 24
Rev. Fr. Varghese Aricatt (Sr.)
Rev. Fr. Varghese Aricatt (Jr.)
Rev. Fr. Varghese Chalissery
Rev. Fr. George Chirammel
Rev. Fr. Wilson Erathara
Rev. Fr. Sunny Kalampanathadathil
Rev. Fr. George Kandamkulathi
Rev. Fr. Manoj Karippai
Rev. Fr. Joju Kokkatt
Rev. Fr. Lijo Kongoth
Rev. Fr. Varghese Konthuruthy
Rev. Fr. Joemon Koonan
